UNIVERSITY LIBRARY
16 FEB 1935
MADRAS

# കൈരളി

| പുസ്തകം ൧൯. | ൧൧൧൦ വൃശ്ചികം | ലക്കം ൪. |
| --- | --- | --- |

## പശുവും പൈതലും.

[വെണ്ണിക്കുളം ഗോപാലക്കുറുപ്പ്]

പഞ്ചത്തിൻപിടിയ്ക്കുള്ളിലാകയാൽ പുലച്ചയിൽ,
കഞ്ഞിക്കു മാർഗ്ഗം കാണാഞ്ഞാത്തനായ് കൃഷിക്കാരൻ
മഞ്ഞത്തു വിറയ്ക്കുന്ന കുഞ്ഞിനെ മാറിൽ ചേർത്താ-
മൺചുമർപ്പുരയുടെ മുൻവശത്തിരിക്കുന്നു.
ആയിടയ്ക്കങ്ങോ പെററ പയ്യിനെശ്ശുശ്രൂഷിപ്പാ-
നായിടാം, കുടുംബിനി നില്പതത്തൊഴുത്തിങ്കൽ;
ഭാവിയെബ്ഭയപ്പെട്ടു, സന്തപിച്ചുകാലത്തിൽ
ജീവിതാധ്വാവിൽത്തിരെ ക്ഷീണിച്ചുവിഴാൻപോകെ,
ആ വീട്ടുകാരിൽദ്ദൈവം തൂകിയ കനിവത്രേ,
ഗോവിൽനിന്നവർ നിത്യം ദോഹനം ചെയ്തീടുന്നു!

II

ഉന്മത്തകരീന്ദ്രനെപ്പോലൊരാൾ മുററത്തെത്തി
കൺമിഴിച്ചൊന്നു നോക്കി; കർഷകൻ ഞെട്ടിപ്പോയി!
ആരുതാൻ നടുങ്ങില്ല നിർദ്ദയശാർദ്ദൂലംപോൽ
ക്രൂരനാമുത്തമർണ്ണൻ കൺമുമ്പിലെത്തിടുന്നാൽ?
"ഇക്കണക്കെത്രകാലം പോകുമെന്നോർക്കുന്നു നീ
വെയ്ക്കണം പണമിപ്പോൾ"—എന്നയാളാക്രോശിക്കെ,
ദുഷ്ടാലത്തികവോർത്തു കർത്തവ്യവിമൂഢനായ്
മുക്കാലും മരിച്ചൊരസ്സാധുവെന്തുരചെയ്യും?

## III

കയറിപ്പിടിക്കുന്നു കൎഷകൻ, പശുവിന്റെ
കയറിൽ; കൃഷകസ്ത്രീ മിണ്ടുവാനാളായീലാ;
മിണ്ടിയാൽ ഫലമെന്താ,ണലിവെന്നൊന്നില്ലല്ലോ,
പണ്ടേയ്ക്കു പണ്ടേതൊട്ടു ലോഭികൾക്കൊരിടത്തും.
വാലാട്ടി വട്ടംചുററിക്കാൽകുടഞ്ഞമറം, നാൽ-
ക്കാലി,യബ്ബലാൽക്കാരത്തോടഹോ! പടവെട്ടി;
എങ്കിലും ഫലിച്ചീല; ശക്തനാമെതിരാളി-
തൻകാല്ക്കൽത്തളൎന്നു കൊമ്പുകുത്തുകയായി!

## IV

ഗേഹിനിയ്ക്കുയിരാമപ്പശുവും പൈക്കിടാവും
മോഹനസ്വപ്നംപോലെ പൊയ്പ്പോയീ, പൊട്ടുന്നനെ;
മേലിലെങ്ങനെ ജീവിച്ചീടുമെന്നാലോചിപ്പാൻ
പോലുമേ കഴിയാതാ നിൎഭാഗ്യ നിൽക്കുന്നേരം,
പാലിനായ് കരയുന്ന പൈതലിൻ തളിൎച്ചുണ്ടിൽ
നാലഞ്ചു തുള്ളിക്കണ്ണീരറിയാതിററിപ്പോയി!!

UNIVERSITY LIBRARY
16 FEB 1935
MADRAS

# ആശാന്റെ നായികമാർ.

[ വാസു ]

കാലം ചെല്ലുന്തോറും മനുഷ്യരുടെ ചിന്താഗതിയിൽ വിപ്ലവപരമായ പല മാററങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതു ജീവിതത്തിന്റെ എല്ലാഭാഗങ്ങളിലും പ്രതിഫലിച്ചുകാണുന്നുണ്ടു്. കവിത എന്താണെന്നും കാവ്യലക്ഷണങ്ങൾ എന്തെല്ലാമാണെന്നും പാശ്ചാത്യരും പൌരസ്ത്യരും ആരാഞ്ഞുതുടങ്ങിയിട്ടു നിരവധി കാലമായി. അവർക്കു് ഇനിയും തീർച്ചപ്പെട്ടിട്ടില്ല. അവർ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ ഏറെക്കുറെ പരിതസ്ഥിതികൾ നിർമ്മിച്ചുവിടുന്നവയാണു്. മനുഷ്യൻ സ്വതേ നല്ലതു് അല്ലെങ്കിൽ ചീത്ത എന്ന ഒരേ ഒരു വികാരത്താൽ ഉണ്ടാക്കപ്പെട്ടവനല്ലല്ലോ. അതുകൊണ്ടു് അയാൾ മിക്കവാറും പരിതസ്ഥിതികൾക്കു് അടിമപ്പെട്ടിരിക്കും. അയാളുടെ പ്രവർത്തനങ്ങളെല്ലാംതന്നെ ബാഹ്യസംഭവങ്ങളോടു ബന്ധപ്പെട്ടിരിക്കുമെന്നു മനസ്സിലാക്കുവാൻ പ്രസിദ്ധ എഴുത്തുകാരായ ഹക്സ്ലി, വൂൾഫ്, ലാറൻസ് മുതലായവരുടെ സഹായം വേണ്ടിവരുമെന്നു തോന്നുന്നില്ല. പക്ഷെ പല പാശ്ചാത്യഗ്രന്ഥകാരന്മാരുടേയും കാവ്യനിരൂപണവും കാലാനിരൂപണവും നമ്മെ ഏറെക്കുറെ അമ്പരപ്പിക്കുന്നവയാണു്. അപ്ടൺസിങ്ക്ലയറെപ്പോലെ അമേരിക്കക്കാർ മുഴുവൻ ആരാധിക്കുന്ന ഒരാൾ കലകളെല്ലാം പ്രചാരവേലയാണെന്നും, കവിതകളെല്ലാം സാങ്കേതികമാണെന്നും പറയുമ്പോൾ നാം അതിനെപ്പററി എന്തു വിചാരിക്കും? നമുക്കു് അവരോടു യോജിക്കുവാൻ നിവൃത്തിയില്ലെന്നുള്ളതു തീർച്ചതന്നെ; അമേരിക്കയിലെ പരിതസ്ഥിതിയല്ലല്ലോ നമ്മുടേതു്. എങ്കിലും ഒന്നു തീർച്ചയാണു്. ഒരു പുതിയ ചിന്താഗതി, ലോകഗതിയെ സ്വാഭാവികമായി യഥാർത്ഥതയോടെ ചിത്രണം ചെയ്യുവാനുള്ള ഒരു സന്നദ്ധത നമ്മുടെ ഇടയിലും കാണുവാനുണ്ടു്. ആശാൻ ഇതു് അദ്ദേഹത്തിന്റെ നായികമാരിൽകൂടി, അറിഞ്ഞോ അറിയാതേയോ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു് ആരായുവാനാണു് എന്റെ ഉദ്യമം. ആദ്യം തന്നെ നമുക്കു വീണ പൂവെടുക്കാം.

## വീണ പൂവ്

വീണ പൂവു് ഒരു വ്യംഗ്യപ്രധാനമായ കവിതയാണു്. അതിൽ പൂവിന്റെ വളർച്ചയോടുകൂടി ആശാൻ ചിത്രീകരിച്ചിരിക്കുന്നതു് ഒരു സ്ത്രീയുടെ നാനാവിധജീവിതഘട്ടങ്ങളേയാണു് എന്നു പറയുന്നതിൽ ആർക്കും വിസമ്മതമുണ്ടാകുവാൻ വഴിയില്ല. ആ പൂവു് ഒരു

മൊട്ടായിരിക്കുമ്പോഴും, സ്ത്രീ ഒരു വെറും കുട്ടിയായിരിക്കുമ്പോഴും ആരും തിരിഞ്ഞുനോക്കുന്നില്ല പക്ഷേ വളർന്നുവരുന്ന ഒരു മൊട്ടാകുന്നതോടുകൂടി കുറെ ചിത്രശലഭങ്ങളും, വേഷപ്പകിട്ടുകൂടിയ ചില ചെറുപ്പക്കാർ ആ പുഷ്പത്തിന്റെ ചുററും വന്നു പറക്കുന്നു. അനുഭവയോഗ്യമായോ എന്നന്വേഷിക്കുകയാണ് അവർ. ആ പുഷ്പം വിടരുന്നതോടുകൂടി അനേകം ചിത്രശലഭങ്ങൾ അതിന്റെ ചുററും വന്നു തങ്ങളെ തങ്ങളെ സ്വീകരിക്കണമെന്നു പറയുന്നു. പുഷ്പം അവരിൽ ആരേയും സ്വീകരിക്കുന്നില്ല. എന്നിട്ട് കാഴ്ചയിൽ അത്ര വളരെ സുഭഗനല്ലാത്ത ഒരു വണ്ടിനെ അതിന്നു് ഒടുവിൽ സ്വീകരിക്കേണ്ടിവരുന്നു. കുറെ കഴിഞ്ഞ് ആ പൂവ് ഞെട്ടററു വീഴുന്നു. അതിനെ നല്ലവണ്ണം സ്നേഹിച്ചിരുന്ന ആ വണ്ട് ശോകാർത്തനായി അതിന്റെ ചുററും കുറേനേരം ചുററിപ്പറക്കുന്നു; ഒടുവിൽ അതു മററു പുഷ്പങ്ങളെ അന്വേഷിച്ച് 'അതിന്റെ പാട്ടു നോക്കി' പോകുന്നു.

ആശാന്റെ ആദ്യകവിതയാണെങ്കിലും ഇത്ര സ്വാഭാവികത നിറഞ്ഞ മററൊരു കവിത അദ്ദേഹം എഴുതീട്ടുണ്ടോ എന്നു സംശയമാണ്. സുന്ദരിയായി, രാജ്ഞിയെപ്പോലെ ശോഭിച്ചിരുന്ന ആ പൂവ് ബാഹ്യമോടിയിൽ ഭ്രമിക്കാതെ ചിത്രശലഭങ്ങളിൽ ആരേയും വരിക്കാതിരുന്നതു് എന്തുകൊണ്ടാണെന്നു ചോദിച്ചാൽ എനിക്കു പറയുവാനുള്ളതു നിങ്ങളുടെ ചുററുപാടും നടക്കുന്ന ലോകത്തിലേക്കു നോക്കുക എന്നാണ്. ഒരു സ്ത്രീ പ്രായത്തിന്റെ സകല വെമ്പലോടും കൂടി ജീവിതത്തിലേക്കു കാലെത്തുവെക്കുന്നു. അവിടെ മോടിയോടെ നടക്കുന്ന പല ചിത്രശലഭങ്ങളേയും കാണുന്നു. അവരെല്ലാം ഒരുപോലിരിക്കുന്നു. ആരിലും ഒരു നവീനത കാണപ്പെടുന്നില്ല. 'ശൃംഗാരിച്ചുകൊണ്ട്' ഉൾക്കനമില്ലാതെ നടക്കുന്നവരാണ് ആ ചെറുപ്പക്കാർ. മനുഷ്യന് അകാരണമായി ഉണ്ടാകുന്ന ആ പുതുമയിലുള്ള ആഗ്രഹം പുഷ്പത്തിലും പ്രത്യക്ഷപ്പെടുന്നു. അതുകൊണ്ടു പുഷ്പം അതിന്നു ബോധിച്ച ഒരു കാമുകനെ കാണുന്നതുവരെ ചിത്രശലഭങ്ങളുടെ ശൃംഗാരദേവതയായി കാലം കഴിക്കാമെന്നു തീർച്ചപ്പെടുത്തുന്നു — ഇന്നത്തെ ചെറുപ്പക്കാരികളുടെ അതേ തന്റേടമില്ലായ്മ! അതിന്റെ നല്ല കാലം അനുക്രമമായി ക്ഷയിച്ചുവരുന്നുണ്ടെന്ന്, പാവം, പുഷ്പം അറിയുന്നില്ല! ചിത്രശലഭങ്ങൾ കൈവെടിയുന്നതുവരെ അതു തന്റെ വാസ്തവസ്ഥിതി മനസ്സിലാക്കുന്നില്ല. അവ പറന്നുപോകുമ്പോഴും അതാ, അതു മനസ്സിലാക്കുകയായി തനിക്കു് ഇനിമുതൽ യുവസുന്ദരന്മാരെ ആകർഷിക്കത്തക്ക രൂപലാവണ്യമില്ലെന്ന്. അതിന്റെ ജീവിതം അങ്ങിനെ അനുഭവയോഗ്യമല്ലാതെ അവസാനിക്കണമെന്നോ? അതു പാടില്ല. അപ്പോഴേക്കും അത്തരം സ്ത്രീകളേയും സ്വീകരിക്കാൻ തയ്യാ

റായിട്ടുള്ള ഭ്രമരം, ഭ്രമിച്ചുകൊണ്ടു നടക്കുന്നവൻ ശൃംഗാരപ്പാട്ടും മൂളിക്കൊണ്ടുവരുന്നു. പുഷ്പം അതിന്റെ യൌവനത്തിന്റെ അഹംഭാവമെല്ലാം വലിച്ചെറിഞ്ഞു് ആ അസുന്ദരനെ സ്വീകരിയ്ക്കുന്നു. അതിന്നും ജീവിതം അനുഭവിയ്ക്കണമല്ലോ. ആ ഭ്രമിച്ചുകൊണ്ടു നടക്കുന്ന വിടന്മാകട്ടെ പുഷ്പത്തിന്റെ മധു അവസാനിയ്ക്കേണ്ട താമസം, അതിനെ കൈവെടിയുന്നു. മററു പുഷ്പങ്ങളെ അന്വേഷിച്ചു പോവുകയും ചെയ്യുന്നു. പക്ഷെ അസുന്ദരന്മാക്കു സ്ത്രീകളുടെ അടുക്കെ ഉണ്ടാവാറുള്ള ആ സ്വാഭാവികമായ സങ്കോചം ആ ക്ഷണം അതിന്നും ഉണ്ടാകുന്നു. ആ വണ്ടിനു പേടിയുണ്ടു്, അതു സുന്ദരനല്ല; തനിക്കു വന്ന ആപത്തിൽ കുറച്ചു വ്യസനം നടിച്ചല്ലാതെ അതിന്നു മററു പുഷ്പങ്ങളുടെ അടുത്തു് ഇനി സ്ഥാനം കിട്ടില്ലെന്നു്. എങ്കിലും ആ നിമിഷനേരത്തെ സങ്കടത്തിൽ ആ കാമുകൻ ഉള്ളഴിഞ്ഞ ആത്മാർത്ഥത കാണിയ്ക്കുന്നുണ്ടു്. അതുകൊണ്ടാണു് ആശാൻ അതിനെക്കൊണ്ടു പുഷ്പത്തിന്റെ ചുററും പറപ്പിയ്ക്കുന്നതു്. "അതു മരത്തിനോടു ചെന്നടിക്കുന്നതു മരം അതിന്റെ വഴിമുടക്കുന്നതുകൊണ്ടു യാദൃച്ഛികമായി സംഭവിക്കുന്നതല്ല. മരത്തിന്മേൽ തലതല്ലി ജീവൻ ഉപേക്ഷിക്കുവാൻ തരമുണ്ടോ എന്നു നോക്കുകയാണു്. ആ ഭ്രമരം മൂളിക്കൊണ്ടു പുഷ്പത്തെവിട്ടു് ഉയന്നു പറക്കുന്നുണ്ടെങ്കിൽ അതു വെറുതെ ചെയ്യുന്നതല്ല. സാവിത്രിയേപ്പോലെ ദിവംഗതമായ ഒരാത്മാവിനെ മടക്കിക്കൊണ്ടുവരുവാൻ സാധിക്കുമോ എന്നു നോക്കുകയാണു്."

"എനിക്കു നല്ല തിച്ചയുണ്ടു് ആ ഭ്രമരത്തിന്നു്, ഭ്രമിച്ചുനടക്കുന്ന ആ പുഷ്പലമ്പടന്നു് ഇത്തരം യാതൊരു വികാരവും ഉണ്ടാവുന്നില്ലെന്നു്" എന്നാൽ മൃതഭാര്യയായ ഒരു കാമുകന്റെ ഇത്ര നല്ലൊരു ചിത്രീകരണം കിട്ടുവാനുള്ള കാരണമെന്താണു്? ഇതിനു മറുപടി പറയുന്നതു് എളുപ്പമല്ല. പല സാങ്കേതികനിയമങ്ങളും Conventions) മനുഷ്യരെ കെട്ടിയിട്ടു വലയ്ക്കുന്ന ഈ ലോകത്തിൽ നമുക്കിഷ്ടമില്ലാത്ത പലരെപ്പററിയും നാം വ്യസനിക്കണമെന്നുവരുന്നു. അതു ഹൃദയപൂർവ്വമുള്ളതാവണമെന്നില്ല. എങ്കിലും വ്യസനം നടിക്കാതെ തരമില്ല. പരിതസ്ഥിതികളുടെ അടിമയാണു മനുഷ്യൻ എന്ന വാദത്തിന്റെ മറെറാരു തെളിവാണതു്. മനുഷ്യനെ അയാളുടെ പ്രവൃത്തികളെക്കൊണ്ടു് അളക്കുന്നതു പലപ്പോഴും ശരിയായിരിക്കണമെന്നില്ല. ചില പാശ്ചാത്യമനഃശാസ്ത്രവിദഗ്ദ്ധന്മാർ (ഹക്സിലി, ഹൌസ്മാൻ, ലാറൻസ്) അതു് ഒരിക്കലും ശരിയല്ലെന്നുതന്നെ പറയുന്നു. എല്ലാ മനുഷ്യരിലും ഒരു ഉപബോധമനസ്ഥിതി (Sub-conscious State) ഉണ്ടു്. അതു പ്രബലമായി പ്രവർത്തിക്കുന്ന പല സന്ദർഭങ്ങളുമുണ്ടാവുന്നതാണു്. മനുഷ്യർ അതിന്നു് അടിമകളുമാണെന്നാണു് അവരുടെ വാദം. ഇതിനെ സംസ്കൃതാശയന്മാരായ മററു പല മാന്യ

പണ്ഡിതന്മാരും ഇന്നു നിന്ദ്യമായി കരുതുന്നുണ്ട്. പക്ഷെ ഈ മനഃശാസ്ത്രനിരൂപണത്തിന്റെ വില ഒരിക്കൽ എല്ലാവൎക്കും അനുഭവപ്പെടാതെ വരില്ലെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. അതെന്തുമാവട്ടെ ആശാന്റെ നായികയുടെ മരണത്തിൽ ഭ്രമരം കാണിക്കുന്ന ഈ 'പരിഭ്രമം' പരിതസ്ഥിതികൾ അതിനെക്കൊണ്ടു നിൎബ്ബന്ധിപ്പിച്ചുണ്ടാക്കുന്നതാണെന്നുള്ളതിന്ന് എനിക്കു തെല്ലും സംശയമില്ല. നായികാനിൎയ്യാണത്തിലുള്ള ഭ്രമരത്തിന്റെ വ്യസനം രണ്ടു കാരണങ്ങളാലാണു ഉണ്ടാവുന്നതു്. ഒന്ന്, സാങ്കേതികനിയമങ്ങളെ (Convention) തൃപ്തിപ്പെടുത്തുവാൻ. രണ്ട്, ഭ്രമരത്തിന്നു തന്നിൽതന്നെയുള്ള അവിശ്വാസം, മുൻപറഞ്ഞ ഉപബോധമനസ്ഥിതിയിൽക്കൂടെ അതറിയാതെ പ്രവൎത്തിക്കുന്നതു്। ഇതിൽ ഏതിന്നാണു ശക്തി കൂടുതൽ എന്നു ചോദിച്ചാൽ മറുപടി പറയുക വളരെ വിഷമമാണ്. കാരണം രണ്ടാമത്തേതിന്റെ ശക്തി വ്യക്തികളെ ആശ്രയിച്ചു മാറിക്കൊണ്ടിരിക്കും. ഈ രണ്ടു ശക്തികളേയും എടുത്തുകാണിച്ച്, അവയുടെ കൂടുതൽകുറവിനെ അളക്കാതെ സ്വാഭാവികമായ ലോകഗതി അതേ രൂപത്തിൽ കൃത്രിമത്വം ലേശമില്ലാതെ ചിത്രം കരിക്കുവാൻ ശ്രമിച്ചതുകൊണ്ടാണ് ഭ്രമരത്തിന്റെ ആ ചിത്രം ഇത്ര മനോഹരമായി നമുക്കു തോന്നുന്നതു്.

സ്ത്രീ സ്വതേ ഒരു വിഡ്ഢിയാണ്"; ഓസ്കർവൈൽഡ് പറഞ്ഞപോലെ പലപ്പോഴും അവനവനോടുതന്നെ ശണ്ഠ കൂട്ടുന്നവളും, തനിക്കു് അനുരൂപനായ ഒരു വരനെ കാണുന്നതുവരെ പുരുഷന്മാരെ ഭ്രമിപ്പിച്ച്. അവൾ സന്തുഷ്ടയാവാൻ നോക്കുന്നു. പക്ഷേ അതിനുള്ള യത്നത്തിൽ അവൾതന്നെ പരാജയം സമ്മതിക്കേണ്ടിവരുന്നു. അതും വളരെ താമസിച്ചിട്ട്. അങ്ങിനെ സ്വന്തം ജീവിതം പാഴാക്കിക്കളയുന്നു. പുരുഷന്മാരെല്ലാം ജ്ഞാനികളാണെന്നു ഞാൻ പറയുന്നില്ല. പക്ഷെ ജീവിതത്തെ സംബന്ധിച്ചേടത്തോളം അവർ വിഡ്ഢികളല്ലെന്ന് എനിക്കുറപ്പുണ്ട്. ഈ ചുരുങ്ങിയ ജീവിതം സുഖിച്ചുകളവാനുള്ളതാണെന്ന അവരുടെ ഇന്നത്തെ മതം ശരിയോ തെറ്റോ എന്നു പൎയ്യാലോചിക്കുവാൻ ഞാൻ ഇപ്പോൾ തയ്യാറില്ല. ഒന്നുമതി അവൎക്കു ജീവിതത്തെക്കുറിച്ചു ഒരു തീൎച്ചപ്പെട്ട അഭിപ്രായമുണ്ടല്ലോ.

വീണ പൂവിലെ നായിക ആദ്ധ്യാത്മികപ്രേമം പ്രചരിപ്പിക്കുന്നുണ്ടെന്ന് എനിക്കഭിപ്രായമില്ല. വെറും സ്വാഭാവികമായ ലോകഗതി, തന്മയത്വത്തോടുകൂടി, കാവ്യഗുണം കുഴിയുന്നത്ര ഉൾപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ട് ആശാൻ എഴുതിയതാണ് വീണപൂവ്. ആശാൻ അനാവശ്യമായി ആദ്ധ്യാത്മികതത്വപ്രചരണം ഉദ്ദേശിച്ച് വീണ്

പൂവ് എഴുതിയിരുന്നെങ്കിൽ ആ കാവ്യം ഇത്രയധികം ആളുകൾ വായിച്ച രസിക്കുമായിരുന്നുവോ എന്നു സംശയമാണ്. കവിതയുടെ ഉദ്ദേശം എന്തായിരുന്നാലും ശരി, കാവ്യലക്ഷണങ്ങൾ എന്തെല്ലാമായിരുന്നാലും ശരി, ഒന്നു തീർച്ചയാണ്; ഒരു യഥാൎത്ഥകവിതയാകണമെങ്കിൽ അതിന്നു വാസ്തവികത ഒഴിച്ചുകൂടാത്തതാണ്. ആശാൻ ആദ്ധ്യാത്മികപ്രേമത്തിൽ വിശ്വസിച്ചിരുന്നു എന്നതു് ഒരുപക്ഷേ വാസ്തവമായിരിയ്ക്കാം. പക്ഷേ വീണപൂവിലെ നായിക അതു പ്രതിഫലിപ്പിക്കുന്നുണ്ടെന്നു ഞാൻവിശ്വസിക്കുന്നില്ല. അസ്ഥിരമായിട്ടുള്ളതാണ് പ്രേമം; അതിൽ ആലോചനയില്ലാതെ ചെന്നു ചാടരുതു് എന്ന് ഉപദേശരൂപത്തിൽ കാവ്യം അവസാനിപ്പിയ്ക്കുന്ന കവി പ്രേമത്തിൽതന്നെ വിശ്വസിച്ചിരുന്നുവോ എന്നു തീർത്തുപറയുവാൻ പ്രയാസമായിരിയ്ക്കുന്നു. വീണ പൂവ് ആദ്യന്തം ലോകഗതിയെ ചിത്രീകരിയ്ക്കുകയാണ്. അതിലെ ഇതിവൃത്തം സ്വാനുഭവത്തിൽനിന്നു തെളിഞ്ഞതോ അല്ലെങ്കിൽ ആശാനെപ്പോലെ വാസനാവൈഭവം തികഞ്ഞ ഒരു യഥാൎത്ഥ കവിയ്ക്കു സ്വതസ്സിദ്ധമായ ഭാവനയിൽക്കൂടെ കാണുവാൻ കഴിഞ്ഞതോ എന്നു തീർത്തുപറയുവാൻ ഞാൻ ഒരുങ്ങുന്നില്ല. ഒരു സാധാരണകവിയായിരുന്നെങ്കിൽ അത്തരമൊരു കവിത സ്വാനുഭവത്തിൽനിന്നു മാത്രമേ എഴുതി ഫലിപ്പിയ്ക്കുവാൻ കഴിയുമായിരുന്നുള്ളു. പക്ഷെ ആശാൻ അത്തരക്കാരിൽ പെട്ട ഒരാളാണെന്നു വിശ്വസിയ്ക്കുവാൻ കഴിയുന്നില്ല. വീണ പൂവിലെ സ്വാഭാവികത അത്രയ്ക്കു മാത്രമുണ്ടു്. വെറും വൈയാകരണന്മാരുടെ അളവുകോൽ വെച്ചു നോക്കുകയാണെങ്കിൽ ആ കൃതി ഒരു പക്ഷെ സ്ഖലിതസമ്പൂൎണ്ണമായിരിക്കാം. കാവ്യരസം മാത്രം അനുഭവിയ്ക്കുവാൻ അതു വായിയ്ക്കുന്നവൎക്കു കട്ടേ ആ സ്ഖലിതങ്ങൾ തിരിച്ചറിയുവാൻ പ്രയാസമാണ്. വീണ പൂവിലെ നായിക ആദ്ധ്യാത്മികപ്രേമത്തിന്നല്ല, കവിതയിലെ സ്വാഭാവികതയ്ക്കാണ് ഉത്തമോദാഹരണമായി നില്ക്കുന്നതു് എന്നെനിയ്ക്കു വിനീതമായ അഭിപ്രായമുണ്ടു്.

# രാഷ്ട്രമഹത്വത്തിന്റെ രഹസ്യം.

[സാധു വസ്വാനി]

"ഹരിനാമത്തിൽക്കൂടി സൌന്ദര്യം ദർശിക്കുന്നതു പരമമായ മഹത്വത്തെ പ്രാപിക്കുകയാണ്" — ശിഖാമണി.

ഏതു സുന്ദരമായതോ, അതു മഹത്താകുന്നു. നിങ്ങൾ പറയും: ആ മനുഷ്യനു വളരെ പണമുണ്ട്, ഭൃത്യന്മാരുണ്ട്, മണിമേടകളുണ്ട്. എന്നാൽ അവനിൽ നിങ്ങൾ 'സൌന്ദര്യം' കാണുന്നുണ്ടോ? അവന്റെ ഹൃദയത്തിൽ ഒരു സൌന്ദര്യബോധം അവൻ വഹിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അവൻ, യഥാർത്ഥത്തിൽ, അത്ര വലിയ ഒരാളല്ല. വലിയവലിയ സദസ്സുകളിൽ പ്രചണ്ഡമായി പ്രസംഗിക്കുന്ന ആ പ്രാസംഗികനുണ്ട്. നിങ്ങൾ പറയുന്നു അയാൾ മഹാനാണെന്ന്. എന്നാൽ അയാളുടെ ഹൃദയാന്തർഭാഗത്തു തുടിക്കുന്നതു് നുരച്ചുപൊങ്ങുന്ന അത്യാഗ്രഹമാണ്, കോളിളകിയ സൌന്ദര്യബോധമല്ല. അയാൾ മഹാനല്ല. നിങ്ങൾ ഒരു സാധുവിനെ, ഒരു കവിയെ, ഒരു മതപ്രാസംഗികനെ കാണുന്നു. അവർ ചിന്തിക്കുകയോ, സംസാരിക്കുകയോ, പാടുകയോ ചെയ്യുന്നതു് ദൈവികമായ സൌന്ദര്യത്തെപ്പററിയാണ്. സ്വർഗ്ഗീയമായ ആ നിർവൃതിയെപ്പററിയാണ്. അവരത്രേ മഹത്വം പ്രാപിച്ചവർ. എത്രമാത്രം മനുഷ്യൻ സൌന്ദര്യവുമായി ഇടപെടുന്നുവോ, അത്രമാത്രം അവൻ മഹാനാണ്. "ഇതാ ഒരു മഹാനഗരം!" — നിങ്ങൾ ചൂണ്ടിക്കാട്ടുന്നു. വ്യവസായം, കൈത്തൊഴിൽ തുടങ്ങി പരിഷ്കാരത്തിന്റെ സർവ്വ കൈവഴികളും അവിടെ വർദ്ധിച്ചുതന്നെ വരുന്നു. എന്നാൽ അതു കൂടുതൽ കൂടുതൽ സൌന്ദര്യതരമായി വരുന്നുവോ? അതിൽ പൂങ്കാവുകളും കാഴ്ചബംഗ്ലാവുകളുമുണ്ടോ, കലയുടേയും സംസ്കാരത്തിന്റേയും വിശ്വാസത്തിന്റേയും ക്ഷേത്രങ്ങളുണ്ടോ, സൌന്ദര്യത്തിന്റെ ദർശകന്മാരും ഗായകന്മാരുമുണ്ടോ? ഇല്ലെങ്കിൽ, അതു് ഒരു മഹാനഗരമേയല്ല.

വ്യക്തികളേയും നഗരികളേയും സംബന്ധിച്ചുള്ള ഈ തത്വം രാഷ്ട്രങ്ങളേസ്സംബന്ധിച്ചും വാസ്തവമാണ്. ഒരു രാഷ്ട്രത്തിന്റെ ശരിയായ മഹത്വത്തെ നിർണ്ണയിക്കുന്നതു് അതിന്റെ വ്യവസായത്തിന്റെ വലിപ്പമല്ല, കൈത്തൊഴിലിന്റെ കൊഴുപ്പുമല്ല ആന്തരികശക്തികളുടെ—സൌന്ദര്യബോധം തുടങ്ങിയുള്ള ആന്തരികശക്തികളുടെ—ആസ്വാദനത്തിനുള്ള അതിന്റെ പ്രാപ്തിയാണ് ഒരു രാഷ്ട്രത്തിന്റെ മഹത്വത്തെ നിർണ്ണയിക്കുന്നതു്. ഗ്രീസ്സിന്റെ പ്രതാപം അതിന്റെ സൌന്ദര്യബോധമായിരുന്നു. ആ ബോധവും ക്രൈസ്തവാദർശവും ഒന്നുചേർന്നു

പാശ്ചാത്യരുടെ മൃഗീയതയോടു പോരടിച്ച്, അവരെ സംസ്കരിച്ചു. സൌന്ദര്യമാണ്, യൂറോപ്പിന്റെ കലയുടേയും, സാഹിത്യത്തിന്റേയും ആരാധനയുടേയും പ്രചോദനം. മരണശയ്യയിൽ കിടക്കുമ്പോൾ ഭർത്താവിന്റെ വാത്സല്യമസൃണമായ ഒരു ചോദ്യത്തിനുള്ള മറുപടിയിൽ തന്റെ കവിതകളുടെ പ്രചോദനമെന്തെന്നു മിസിസ്സ് ബ്രൌണിങ്ങ് വെളിപ്പെടുത്തുകയുണ്ടായി. തന്റെ തളർന്ന തല ഭർത്താവിന്റെ കവിളത്ത് ചാച്ച്, വിളർത്ത അധരങ്ങളിൽ അത്ഭുതാവഹമായ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു. "എത്ര സുന്ദരം!" ഒരു രാഷ്ട്രത്തിന്റെ മഹൽ പ്രാപ്തിക്കുള്ള ഉപാധികളിൽ ഏററവും പ്രധാനമായ ഒന്ന് അവികലമായ സൌന്ദര്യബോധമാണ്.

നമ്മുടെ സൌന്ദര്യം നശിക്കുകയാണോ? ആണെങ്കിൽ, അത് എത്രമാത്രം നശിക്കുന്നുവോ അത്രമാത്രം നമ്മുടെ സ്വാതന്ത്ര്യവും നശിക്കുന്നു. എങ്ങിനെയാണു നാം, എങ്ങിനെയാണ് ഒരു രാഷ്ട്രം, സൌന്ദര്യത്തെ ശ്വസിക്കുന്നത്. ശിഖമണി പറയുന്നു: "ഹരിനാമത്തിൽ ക്കൂടി" എന്താണ് ഈ കെട്ടുപിണഞ്ഞ ഹരിനാമശബ്ദത്തിന്റെ അർത്ഥം? 'ഹരി' എന്നു വെച്ചാൽ അനന്തമായ, സജീവമായ, ആദർശമാണ്. 'നാമം' എന്നുവെച്ചാൽ മീട്ടൽ, തുടിപ്പ്, സ്പന്ദനം, എന്നർത്ഥം. സാധനങ്ങൾക്ക് അവയുടെ മീട്ടൽ, തുടിപ്പ്, ഉണ്ട്; സ്ഥലങ്ങൾക്ക് അവയുടെ മീട്ടലുണ്ട്. ഓരോ മനുഷ്യനും മീട്ടലുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു; ഓരോരുത്തനും പ്രത്യേകമായ ഒരു രീതിയിൽ, ആത്മപ്രകാശകമായ, ഒരു ആലാപനം. പലരും മാത്സര്യത്തിന്റേയും വെറുപ്പിന്റേയും കമ്പികൾ മീട്ടുന്നു. വളരെ കുറച്ചുപേർമാത്രമേ സത്യത്തിന്റേയും സ്നേഹത്തിന്റേയും കമ്പികൾ മുറുക്കുന്നുള്ളു. അവരുടെ വിശുദ്ധമായ സാന്നിദ്ധ്യംകൊണ്ട്, സുന്ദരങ്ങളായ വാക്കുകൾകൊണ്ട്, അവർ അന്യരെ സംസ്കരിക്കുന്നു. ഒരു രാഷ്ട്രം അതിന്റെ ജീവിതത്തിന്റെ ഓരോ തുറയിലും എത്രത്തോളം ഉത്കൃഷ്ടമായ ആദർശത്തിന്റെ ഗാനങ്ങൾ പാടുന്നുവോ, അത്രത്തോളം അതു സുന്ദരമാകുന്നു, മഹത്താകുന്നു. ഒരു രാഷ്ട്രത്തിന്റെ ശസ്ത്രവ്യുല്പത്തി - അതു തന്നിഷ്ടത്തിന്നായി വ്യഭിചരിക്കപ്പെടുന്നുവോ? എന്നാൽ— ലോകമഹായുദ്ധം നിങ്ങൾക്കു കാട്ടിത്തന്നപോലെ— അത് ഒരു വമ്പിച്ച നശീകരണശക്തിയാകുന്നു. അത് സദുദ്ദേശത്തിന്റെ ഗാനമാണോ? സുന്ദരമായ ആദർശത്താൽ പ്രചോദിതമാണോ? ആണെങ്കിൽ, അതു സംസ്കാരത്തിന്റെ സൃഷ്ടിപരമായ ഒരു ശക്തിയാണ്. ഒരു രാഷ്ട്രത്തിന്റെ രാജ്യതന്ത്രം ആദർശത്തിന്റേയും സത്യത്തിന്റേയും സുന്ദരമായ സമതലത്തിൽക്കൂടി ഒഴുകുന്നുവോ, അതോ അസത്യത്തിന്റേയും അധികാരപ്രമത്തതയുടേയും ചെങ്കുത്തായ ഇടുക്കുക

ളിൽക്കൂടെയോ? ആദ്യത്തേതു് അതിനെ മഹത്താക്കുന്നു; രണ്ടാമത്തേതു അതിനെ അധഃപതിപ്പിക്കുന്നു. അസത്യവും ആദർശരഹിതവുമായ രാജ്യതന്ത്രം കാര്യക്ഷമമായേക്കാം; അതു സുന്ദരമല്ല. കാര്യപ്രാപ്തി മാഹാത്മ്യമല്ല. കാര്യപ്രാപ്തിയുള്ള, 'ശക്തി'യുള്ള, രാഷ്ട്രങ്ങളുടെ പോരായ്മകൾ— അത്യാഗ്രഹം, അധികാരാന്ധ്യം പരിഹരിക്കേണ്ടതാണ്. "ഹരിനാമത്തിൽക്കൂടി സൌന്ദര്യം ദർശിക്കുന്നതു പരമമായ മഹത്വത്തെ പ്രാപിക്കുകയാകുന്നു." ഹരിനാമം ആദർശത്തിന്റെ ശക്തിയാണ്; ആത്മശക്തിയാണ്. മാംസപേശികൾക്കും മനുഷ്യപ്രയത്നങ്ങൾക്കും പുറമെ നമ്മിൽ ചിലതുകൂടി ഉണ്ടെന്നുള്ള, പുരാണങ്ങളിൽ പറയപ്പെടുന്ന ആത്മാവു് എന്ന എന്തോ ഒരു അവ്യക്തവസ്തു നമ്മിൽ കുടികൊള്ളുന്നുണ്ടെന്നുള്ള, ആ വിശ്വാസം—ഇന്നത്തെ പരിഷ്കാരത്തിന്നു് അതു തീരെ ഇല്ലാതായിരിക്കുന്നു. അതുകൊണ്ടാണ് നവീനപരിഷ്കാരം അതിന്റെ പുരോഗതിയുടെ സർവ്വവിധ ആഭാടങ്ങൾ ഉണ്ടായിട്ടുകൂടി ഇത്രമാത്രം ദരിദ്രവും, ഇത്രമാത്രം ശുഷ്കവുമായതു്. "പുരോഗതിയില്ലേ? കാര്യപ്രാപ്തിയില്ലേ?" നിങ്ങൾ അത്ഭുതത്തോടുകൂടി ചോദിക്കുന്നു. "നോക്കു!" നിങ്ങൾ അഭിമാനത്തോടുകൂടി ചൂണ്ടിക്കാട്ടുന്നു, "എത്ര വലിയ മോട്ടോർകാറുകൾ! എത്ര വേഗമുള്ള തീവണ്ടികൾ! എന്തു സുഖസൌകര്യങ്ങൾ, യന്ത്രങ്ങൾ, കമ്പനികൾ, വ്യവസായങ്ങൾ—എന്തെന്തുതന്നെയില്ല!!" എന്നാൽ എവിടെ—ഞങ്ങൾ ഹൃദയവേദനയോടുകൂടി ചോദിക്കുന്നു—എവിടെയാണ് ആത്മാവു്? ലോകത്തിനു് ആവശ്യം 'കാര്യക്ഷമ'മായ ഒരു പരിഷ്കാരമല്ല, സുന്ദരമായ ഒരു പരിഷ്കാരമാണ്. ജനങ്ങളുടെ ആത്മാവിനെ അതു് എത്രമാത്രം പ്രതിഫലിപ്പിക്കുന്നുവോ, അത്രമാത്രം ആ പരിഷ്കാരം സുന്ദരമാകുന്നു. പുരാതനഭാരതം ഒരു മഹാരാഷ്ട്രമായിരുന്നെങ്കിൽ അതിന്റെ ധനശാസ്ത്രം, അതിന്റെ രാജ്യതന്ത്രം, വിദ്യാഭ്യാസം, സാമുദായികജീവിതം, അതിന്റെ കല, ആരാധനാസമ്പ്രദായം, അതിന്റെ സംസ്കാരം, പരിഷ്കാരം—ഒക്കെ—അതിന്റെ ആത്മാവിന്റെ ആന്തരികമായ സൌന്ദര്യത്തെ പ്രതിഫലിപ്പിച്ചിരുന്നതുകൊണ്ടാണ്. നവീനപരിഷ്കാരത്തിന്റെ മിഥ്യാഭാടങ്ങളൊന്നും പുരാതനഭാരതത്തിനുണ്ടായിരുന്നില്ല. ഇന്നു് ഇന്ത്യ എത്രത്തോളം അധഃപതിതയോ, അന്നു് അത്രത്തോളം ഉന്നതയായിരുന്നു. ലളിതമായ ഒരു 'നാടൻ' പരിഷ്കാരമായിരുന്നു അവളുടേതു്. എന്നാൽ ആത്മാവിന്റെ മുദ്രപതിച്ച നാണയങ്ങളാൽ അതു ധനസമൃദ്ധവുമായിരുന്നു. ഒരു രാഷ്ട്രം സുഖമുള്ളതോ മഹത്തോ ആകണമെങ്കിൽ 'തൊലിപ്പുറമെയുള്ള' പരിഷ്കാരത്തിന്റെ പാഴ്പ്പൂച്ചുകളൊക്കെത്തന്നെയും അത്യാവശ്യമല്ല. ഡെൻമാർക്കിനു

വളരെ വലിയ തിവണ്ടികളില്ല; ബ്രിട്ടൻ ഇന്ത്യയിൽ പണിതിട്ടുള്ളത്ര വീതിയുള്ള രാജപാതകളും അവിടെ ഇല്ല. എന്നിട്ടും ഡെൻമാർക്ക് ഒരു സ്വതന്ത്രരാഷ്ട്രമാണ്, ഒരു മഹാരാഷ്ട്രമാണ്. എന്നാൽ ഇന്ത്യയാകട്ടെ, ഇന്നും സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്നു.

നമ്മുടെ അദ്ധ്വാനം വിജയചുംബിതമാവണമെങ്കിൽ, നമ്മുടെ പരിശ്രമം 'ഉള്ളിൽ' നിന്നു വരട്ടെ. നാം നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കണം. മഹത്തായ ആദർശവുമായുള്ള സമ്പർക്കംകൊണ്ടു നാം നമ്മുടെ ആത്മാവിനെ സുന്ദരമാക്കിവെയ്ക്കണം. ഞാൻ പറയുന്ന ആ ഉൽകൃഷ്ടമായ ആദർശത്തെ പിൻതുടൎന്ന് ആത്മാവിനെ സുന്ദരമാക്കിവെയ്ക്കുവാൻ കഴിവുള്ള ചെറുപ്പക്കാൎക്കു ഞാൻ ഒരു മാൎഗ്ഗം ഉപദേശിക്കട്ടെയൊ!

നിങ്ങൾ നിശ്ശബ്ദത പരിശീലിക്കുക. ശബ്ദായമാനമായ ഒരു ലോകത്തിലാണു നാം ഇന്നു ജീവിക്കുന്നതു്. നമ്മിൽ പലരും ചലനത്തെ പുരോഗതിയായി തെററിദ്ധരിക്കുന്നു. ഓരോ ദിവസവും അല്പനിമഷമാത്രമെങ്കിലും നമുക്കു നിശ്ശബ്ദതയുടെ ലോകത്തിലേയ്ക്കു പ്രവേശിക്കുക; ആത്മാവിന്റെ ശാന്തസങ്കേതത്തിലേയ്ക്കു കടക്കുക. ചെറിയ 'നിശ്ശബ്ദസംഘങ്ങൾ' വിളിച്ചുകൂട്ടുക. നിങ്ങൾക്കു പല ക്ലബ്ബുകളുണ്ട്, സംഘങ്ങളുണ്ട്, സമാജങ്ങളുണ്ട്. നിങ്ങൾക്ക് ഒരു നിശ്ശബ്ദതാസംഘം, ഒരു 'ശാന്തിസമാജം' അത്യാവശ്യമാണ്. ഈ സമാജത്തിൽ അല്പനിമിഷങ്ങൾക്ക് ഒത്തുചേരുക. നിങ്ങളുടെ ആരാധനാമൂൎത്തിയുടെ പാദങ്ങളിൽ ഇരുന്നു് ലോകത്തിലെ പൂജ്യരായ ഏതെങ്കിലും പ്രവാചകന്മാരുടേയൊ, ദേശാഭിമാനികളുടേയോ, സന്ന്യാസികളുടേയോ, കവികളുടേയോ സുന്ദരമായ ഒരു പ്രവൎത്തിയെയോ, മഹത്തായ ഒരു ചിന്തയെയോ സ്മരിക്കുക. ഉപനിഷത്തിലെ ഒരു ശ്ലോകമാവാം, ഗീതയിലേയോ ശിഖമണിയിലേയൊ വരികളാവാം, എമേഴ്സന്റേയൊ, ബ്രൌണിങ്ങിന്റേയോ, പ്ലേറേറാറിന്റേയൊ, മെസ്സിനിയുടേയൊ വാചകങ്ങളാവാം — അവയെ സ്മരിക്കുക. ശാന്തിസംഘത്തിൽ വൎത്തിക്കുമ്പോഴെങ്കിലും ഭയത്തെ ഹൃദയത്തിൽനിന്നും പറിച്ചുകളയുക. നിങ്ങളോടു തന്നെ പറയുക. "ഞാൻ ഈശ്വരന്റെ വത്സനാണ്, അനന്തമായതിന്റെ സന്താനമാണ്." വിശ്വാസത്തോടും ആത്മാൎത്ഥതയോടുംകൂടി ഇത്രയും പറയുക: എന്നിട്ട് അല്പം കാത്തുനില്ക്കുക. അപ്പോൾ നിങ്ങളിൽ ആ ഉൽകൃഷ്ടമായ തുടിപ്പുണ്ടാവും; ആത്മാവിന്റെ സുന്ദരമായ ബുദ്ധി നിശ്ശബ്ദതയിൽ നിങ്ങളെവന്നു തഴുകും.

ഒരു പാലത്തിന്റെ ചാരത്തുവെച്ചു വീണ ആലാപിച്ചിരുന്ന അനുഗൃഹീതനായ ഒരു സംഗീതകാരന്റെ കഥയുണ്ട്. ഒന്നിനു പിമ്പെ ഒന്നായി അയാളുടെ സുന്ദരങ്ങളായ പാട്ടുകൾ കമ്പികളിൽ മിട്ടിത്തു

ടങ്ങി. ശ്രുതിമധുരങ്ങളായ ആ ഗാനകല്ലോലങ്ങളുടെ മാറെറാലി വന്നടിച്ച് ആ പാലം തന്നെ വീണുപോലും! ഇന്ത്യയുടെ പുരോഗതിയുടെ മുമ്പിൽ വിലങ്ങടിച്ചു കിടക്കുന്ന പല വിഘാതങ്ങളേയും നിങ്ങൾക്കും തകൎക്കുവാൻ സാധിക്കും — നിങ്ങൾ ഭയത്തെ ഉപേക്ഷിക്കുമെങ്കിൽ, നിങ്ങളിൽത്തന്നെ വിശ്വസിക്കുമെങ്കിൽ, സുന്ദരമായ ആ ആദൎശത്തിൻെറ ഓരോ കമ്പിയും നിങ്ങൾ മീട്ടുമെങ്കിൽ. പുരുഷത്വത്തിൻെറ എല്ലാ അന്തസ്സോടുംകൂടി എഴുന്നേററുനില്ക്കുവിൻ; ഞാൻ യുവാക്കളോടു പറയുന്നു — നിങ്ങളിൽ ഉള്ള അമരത്വത്തെ ഉൽഘോഷിക്കുവിൻ; സത്യത്തിൻേറയും സ്നേഹത്തിൻേറയും മാറെറാലിക്കൊള്ളുന്ന തുടിപ്പുകൊണ്ടു നാട്ടിനെ മുഖരിതമാക്കുവിൻ. നിങ്ങൾ നിങ്ങളുടെ ഇന്ത്യയെ സുന്ദരമായ ഒരു മഹാരാഷ്ട്രമാക്കും.

യു. എസ്സ്.

# കുഞ്ചപ്പൻ.

[ജോസഫ് മുണ്ടശ്ശേരി എം. എ.]

ആയുർവ്വേദാസ്പത്രിയിലെ വൈദ്യന്റെ അനുകമ്പ നിറഞ്ഞ ചികിത്സയാൽ കുഞ്ചപ്പനു് ഒരുവിധം രോഗശാന്തി കൈവന്നു. അധികം താമസിയാതെ അവൻ വീട്ടിലേക്കു മടങ്ങി. ഒന്നര മാസം മുമ്പു് ആസ്പത്രിയിലേക്കു പലകപ്പുറത്തെടുത്തുകൊണ്ടു പോകപ്പെട്ട കുഞ്ചപ്പൻ ഒരു വടിയൂന്നിക്കൊണ്ടു കാൽനടയായി മടങ്ങിയെത്തിയ കാഴ്ച ഗ്രാമക്കാരെയെല്ലാം എന്തെന്നില്ലാതെ വിസ്മയിപ്പിച്ചു. ഒരു മാസംകൂടി കഴിഞ്ഞപ്പോഠം അവനു വടിയുടെ സഹായവും വേണ്ടെന്നായി. സന്ധികളിലെ വേദനയും അവയവങ്ങളുടെ ശോഷിപ്പും തീരെ വിട്ടുമാറി. പക്ഷേ ജോലിയുടെ അഭാവം അവനു മറെറാരു വേദനയായിത്തീൎന്നു. വീട്ടിൽ തിരിച്ചെത്തിയതിനുശേഷം അവൻ, ഒരു കൊളമ്പുകാരൻ സ്നേഹിതന്റെ സഹായത്താൽ ഡപ്പിപ്പണി ഏറെക്കുറെ സ്വാധീനമാക്കി. പക്ഷേ അതുകൊണ്ടുണ്ടോ ഉപജീവനം സാധിക്കുന്നു? കുഞ്ചപ്പൻ ആലോചിച്ചാലോചിച്ചു കുഴങ്ങി. പഴയ എൻജിനിയരും സ്റ്റേഷൻമാസ്റ്ററും മററും എങ്ങോട്ടോ മാറിപ്പോയ്ക്കഴിഞ്ഞിരുന്നതിനാൽ അവനു റെയിൽവേസ്റ്റേഷനിൽ യാതൊരു പരിചയക്കാരുമില്ലാതായി. പണ്ടത്തെപ്പോലെ സ്റ്റേഷനിൽ പ്രവേശിപ്പാൻതന്നെ അവനു വളരെ പ്രയാസപ്പെടേണ്ടിവന്നു. ഭാരപ്പെട്ട വല്ല പണിയുമെടുക്കുവാനാണെങ്കിൽ അവന്റെ കായബലം മതിയായിരുന്നില്ല. സാഹസബുദ്ധ്യാ വല്ലതിലും ഏപ്പെട്ടാൽ വീണ്ടും വാതം കോപിച്ചേക്കുമെന്നു് അവനു ഭയമുണ്ടായിരുന്നു.

ഒരു ദിവസം കുഞ്ചപ്പൻ സ്റ്റേഷനിൽ കടന്നുകൂടി, ഗാർഡിന്റെ 'സേവപിടിച്ചു' വണ്ടിയിൽ കയറിപ്പററി. എവിടേക്കാണെന്നു് അവനുതന്നെ തീച്ചപ്പെട്ടിരുന്നില്ല. ഓരോ ആപ്പീസിലും അവൻ ഇറങ്ങിനിന്നു്, തന്റെ പരിചയക്കാർ വല്ലവരുമുണ്ടോ എന്നു തിരക്കിക്കൊണ്ടിരുന്നു. ഒടുവിൽ കോഴിക്കോട്ടെത്തിയപ്പോഠം അവിടത്തെ സ്റ്റേഷൻമാസ്ററർ കുഞ്ചപ്പനെ കണ്ടിട്ടു്, "അല്ലാ, കുഞ്ചപ്പനല്ലേ ഇതു്; നീ എവിടേക്കു്?" എന്നു ചോദിച്ചു.

കു:— "എവിടേക്കെന്നില്ല, എമാനേ."

സ്റ്റേ. മാ:— "എന്തു്; എവിടേക്കെന്നില്ലെന്നോ?"

കുഞ്ചപ്പൻ തന്റെ ചരിത്രമെല്ലാം ചുരുക്കിപ്പറഞ്ഞു. ഈറോഡിൽവെച്ചു് എൻജിനിയരൊന്നിച്ചു വരാറുണ്ടായിരുന്ന കുഞ്ചപ്പനെ

സ്റ്റേഷൻമാസ്ററർ കേവലം വിസ്മരിച്ചിരുന്നില്ല. അദ്ദേഹം അവനോട്ട് അനുകമ്പാതിരേകത്താൽ ഇങ്ങനെ പറഞ്ഞു:-

"ഏതായാലും കുഞ്ചപ്പൻ ഇവിടെ താമസിച്ചോ. തൽക്കാലം ഒരു വാച്ചറുടെ ജോലിക്ക് ഒഴിവുണ്ട്. രണ്ടുനാലു ദിവസത്തിനുള്ളിൽ നിന്നെ അവിടേക്കേപ്പെടുത്താം."

കുഞ്ചപ്പൻ മനസാ ഈശ്വരസ്തോത്രം ചെയ്തു. സ്റ്റേഷൻമാസ്ററർ പറഞ്ഞപടി അവൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി, ഗാർഹികകാര്യങ്ങളിൽ സഹകരിച്ചു രണ്ടുനാലു ദിവസം കഴിച്ചുകൂട്ടി. അതിനുള്ളിൽ അവൻ വാച്ചർജോലിയുടെ സ്വഭാവം മുഴുവൻ മനസ്സിലാക്കി. ഒരാഴ്ചയ്ക്കകം അവൻ വാച്ചറായി നിയമിക്കപ്പെട്ടു. താമസത്തിനു സ്റ്റേഷന്നടുക്കൽതന്നെ ഒരു കൊച്ചുവീടും അവനു മാസ്ററർ നൽകി. ഏതാനും ദിവസങ്ങൾക്കുള്ളിൽ അവൻ നാട്ടിൽ പോയി ഭാര്യയെ കൂട്ടിക്കൊണ്ടു വന്നു നവമായി ജീവിതമാരംഭിച്ചു

വാച്ചർ ജോലിയിൽ കുഞ്ചപ്പൻ വളരെ നിഷ്കർഷിച്ചിരുന്നു. റെയിലിന്റെ കേടുപാടുകൾ പോക്കുക, പാതയിൽ തടസ്ഥങ്ങൾ ഇല്ലാതെ സൂക്ഷിക്കുക, സമയം തെററാതെ കൊടികാണിക്കുക — ഇത്യാദി കാര്യങ്ങളിൽ അവൻ രാവും പകലും ഒപ്പം ശ്രദ്ധിച്ചിരുന്നുവെന്നു പറയാം. ജോലിയിൽ അവൻ പ്രദർശിപ്പിച്ച നിഷ്ഠ സ്റ്റേഷൻമാസ്റ്റർക്കും റെയിൽവെ ഇൻസ്പെക്ടർക്കും മററും വളരെ സന്തോഷം ജനിപ്പിച്ചു വീടിന്നരികെ റെയിൽവേ കമ്പനിക്കാരുടെ വകയായുണ്ടായിരുന്ന പറമ്പിൽ പയററും കിഴങ്ങും മററും നട്ടുപിടിപ്പിപ്പാൻ അനുവാദത്തിനുവേണ്ടി അവൻ സമർപ്പിച്ച അപേക്ഷ കേവലം നിരാകരിക്കപ്പെട്ടില്ല. ഒഴിവുള്ള സമയം ഡപ്പിപ്പണിക്കും പയററുകൃഷിക്കും മാറമായി അവൻ ഉപയോഗിച്ചു വന്നു. സായാഹ്നത്തിൽ അവൻ ഡപ്പിക്കൊമ്പും കത്തിയുമേന്തി റെയിൽവെ പാലത്തിന്മേൽ പോയിരിക്കുക പതിവായിരുന്നു അവിടെ വെച്ചു അവൻ മറെറാരു വാച്ചറോടു പരിചയപ്പെടാനിടയായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ അവരുടെ സഖ്യം പരിണതി പ്രാപിച്ചു. പിന്നെ എല്ലാദിവസവും വെയിലാറിയാൽ കുഞ്ചപ്പനും കിട്ടപ്പയും പാലത്തിലെത്തി സൈ്വരഭാഷണം ചെയ്യുന്ന മട്ടിലായി. അതു വഴിക്കു കിട്ടപ്പ റെയിൽവേ അധികൃതന്മാർ കുഞ്ചപ്പനോടു കാണിച്ചിരുന്ന അനുകൂലഭാവമശേഷം മനസ്സിലാക്കി.

കിട്ടപ്പക്കു റെയിൽവേ പണിയിൽ പഴക്കവും തഴക്കവും ധാരാളം ഉണ്ടായിരുന്നു. പക്ഷേ അവനു ജന്മനാ അട്ടിപ്പേറായി കിട്ടിയിരുന്ന കുറുമ്പും കുസൃതിയും നിമിത്തം അധികൃതപ്രീണനത്തിന് അവൻ സ്വല്പം അസമർത്ഥനായിരുന്നു. അവനു കുററമില്ലാത്തൊരു കൊല്ലം അതപേ

യ്യന്തം കഴിഞ്ഞിട്ടില്ല. എന്നാലും 'ക്ലാസ്സുമാ കുന്നിപോലും' എന്ന മട്ടിലായിരുന്നു അവന്റെ ജീവിതം. വാച്ചർപണി ഭാര്യയെ യല്ലിച്ച വല്ല വഴികളും തിരിക്കാൻ അവനു തെല്ലും മടിതോന്നിയിരുന്നില്ല. എന്നാൽ ഈ സ്ഥിതിഗതികൾ കൂട്ടുകാരനോട്ട പറയാൻ അവൻ അസന്നദ്ധനായിരുന്നു. ഒരുദിവസം കുഞ്ചെപ്പനെ കണ്ടപ്പോൾ കിട്ടപ്പ ഇങ്ങനെ സംഭാഷണമാരംഭിച്ചു:—"ചങ്ങാതി മനുഷ്യനോളം ക്രൂരനായൊരു ജീവി വേറെയുണ്ടോ? ഇല്ലെന്നാണ് എനിക്കും തോന്നുന്നത്." ഈ ഉപക്രമം കുഞ്ചെപ്പനു വളരെ അപ്രതീക്ഷിതമായിരുന്നുവെന്നു പറയേണ്ടല്ലൊ. അവൻ അതിന്റെ സാരമെന്തെന്നറിവാൻ കിട്ടപ്പയോട്ട പല ചോദ്യങ്ങളും ചോദിച്ചു. അവൻ കാര്യത്തിന്റെ സ്വഭാവമൊന്നും വെളിപ്പെടുത്തിയില്ല—അനന്തരം അവർ പതിവിൻപടി കുറെനേരം സൈ്വരഭാഷണം ചെയ്ത്, പിരിഞ്ഞ്, വീട്ടിലേക്കു മടങ്ങി.

അന്നുരാത്രി കുഞ്ചെപ്പൻ തന്റെ ഭാര്യയോട്ട കിട്ടപ്പയുടെ ക്ഷോഭത്തെക്കുറിച്ചു പറഞ്ഞു. ഉടനെ ആ സ്ത്രീ, "ഈ അരിശമൊക്കെ നമ്മോടാണെന്നുണ്ടോ? ഇന്നലെ, ഞാനും കിട്ടപ്പച്ചേട്ടന്റെ ഭാര്യയും തമ്മിൽ ഓരോന്നു പറഞ്ഞകൂട്ടത്തിൽ അവര് നിങ്ങടെ ശമ്പളത്തെക്കുറിച്ചു ചോദിക്കുകയുണ്ടായി. കിട്ടപ്പച്ചേട്ടനു 1¼ ക കൊറച്ചേ കിട്ടുന്നൊള്ളു." എന്നു പറഞ്ഞു. കുഞ്ചെപ്പൻ, "അതിനു നമ്മളെന്തുപിഴച്ചു?" എന്നുത്തരം നല്കിക്കൊണ്ടു കുളിക്കാനിറങ്ങി.

പിറ്റേദിവസം സായാഹ്നത്തിൽ കുഞ്ചെപ്പൻ പതിവിൻപടി പാലത്തിൽ ചെന്നപ്പോൾ കിട്ടപ്പയെക്കണ്ടില്ല. കിട്ടപ്പയുടെ ഭാര്യ കുറച്ചകലെയായി കിണററിന്നരികെ വെള്ളം കോരിക്കൊണ്ടുനിന്നിരുന്നു. അവരോട്ട വിളിച്ചുചോദിച്ചപ്പോൾ, കിട്ടപ്പ അന്നുച്ചക്കു വീട്ടിൽനിന്നിറങ്ങിയെന്നും മടങ്ങിയെത്തിയില്ലെന്നും കുഞ്ചെപ്പനു മനസ്സിലായി. അവൻ പിന്നെ അവിടെ താമസിച്ചില്ല. അങ്ങാടിയിൽപോയി കുറച്ചു പോത്തിൻകൊമ്പു വാങ്ങിക്കൊണ്ടു വരാമെന്നു കരുതി അവൻ റെയിൽ പാത കടന്നു കിഴക്കോട്ടു തിരിച്ചു.

കുഞ്ചെപ്പൻ മടങ്ങിയപ്പോൾ മണി ഏഴായി. ഇരുട്ടെങ്ങും പരന്നു. റെയിൽപാതയും മറവു. ഒരപരിചിതൻ നോക്കിയാൽ കാണാത്ത മട്ടിലായി. കുഞ്ചെപ്പൻ പാതക്കടുത്തെത്തി. അവിടെ ആരോ കുനിഞ്ഞിരിക്കുന്നതായി അവനു തോന്നി. 'ആരാ, ആരാ' എന്നു പലവട്ടം ചോദിച്ചിട്ടും അവനു ഉത്തരമൊന്നും കിട്ടിയില്ല. അവൻ കുറെക്കൂടി അടുത്ത് സൂക്ഷിച്ചുനോക്കിയപ്പോൾ ആ മനുഷ്യൻ എണീറ്റോടി. അയാൾ കിട്ടപ്പയായിരുന്നു. കുഞ്ചെപ്പൻ "നില്ലെടോ, നില്ലെടോ" എന്നു അനേകം തവണ വിളിച്ചിട്ടും കിട്ടപ്പ നിന്നില്ല. കുഞ്ചെപ്പൻ പാതകടന്നു വീട്ടിലേക്കു

പോകാനൊരുങ്ങി. പക്ഷേ കാൽവെച്ചപ്പോൾ റെയിലിനു എന്തോ തകരാറുണ്ടായിരുന്നതായി അവനുതോന്നി. അവൻ പേനാക്കത്തിയും കൊമ്പും താഴെവെച്ചു റെയിൽ സൂക്ഷിച്ചുനോക്കി. സ്ളിപ്പറിൽ റെയിൽ ഉറപ്പിക്കാൻ വെച്ചടിച്ചിരുന്ന ആണികൾ നാലോ അഞ്ചോ എണ്ണം ഇളകിപ്പോകയും റെയിൽതന്നെ കുറച്ച് ഉള്ളിലേക്കു വളയുകയും ചെയ്തിരുന്നു. കുഞ്ചപ്പൻ ഒന്നമ്പരന്നു. 7½ മണിക്കുള്ള വണ്ടിക്കു മുമ്പു റെയിലിൻെറ കേടുപാടുകൾ തീർത്തില്ലെങ്കിൽ!— പിന്നത്തെ കഥ അവന് ഓർക്കാൻ പോലും പ്രയാസമായി. ജോലി കമ്പിളിൽ! മാത്രമോ? വണ്ടി റെയിലിൽനിന്നു തെററിയാൽ— ഇത്രയോർത്തപ്പോഴക്കും അവൻ വീട്ടിലേക്കോടി. വല്ല ഇരുമ്പുകൂടവും കൊണ്ടുവന്നു റെയിൽ ശരിപ്പെടുത്തണമെന്നായിരുന്നു അവൻെറ ഉന്നം. കുറച്ചോടിയപ്പോൾ അതു തല്ക്കാലം പററില്ലെന്നു തോന്നുകയാൽ അവൻ ഓട്ടം സ്റ്റേഷനിലേക്കാക്കി. പത്തടി വെച്ചതോടെ അവൻ വണ്ടിയുടെ ചൂളംവിളി കേട്ടു. അവൻെറ ഉള്ളിൽ തീ വീണു. ഉടനെ അവൻ പിന്തിരിഞ്ഞു വീണ്ടും വീട്ടിലേക്കാക്കി ഗതി. ചുവന്ന കൊടി എടുത്തു് ഉടനെ അപകടസ്ഥാനത്തെത്താനായിരുന്നു ആ പോക്ക്. അഞ്ചു വിനാഴികക്കുള്ളിൽ വണ്ടിയുടെ ഉഗ്രമായ വെളിച്ചം ദൂരെക്കാണുമാറായി. അവൻ പിന്നെ ആപൽസ്ഥാനത്തേക്കുതന്നെയാക്കി ഓട്ടം. അവിടെ എത്തിയതോടെ അവൻ, പേനാക്കത്തി തപ്പിയെടുത്തു്, അതുകൊണ്ടു് ഇടത്തേക്കയ്യിൽ കുത്തി, വ്രണത്തിൽനിന്നു പ്രവഹിച്ച രക്തംകൊണ്ടു് ഉത്തരീയമായിരുന്ന നാടൻമുണ്ടു ചുവപ്പിച്ചു്, അതു കൊടിയായി വലത്തെ കൈകൊണ്ടുയർത്തിക്കാണിച്ചു. വണ്ടി അടുത്തെത്തി. വളഞ്ഞ റെയിലിൽ കയറും മുമ്പു വണ്ടിനിന്നു. ഡ്രൈവറും മററും അവിടെ ഇറങ്ങി. അവർ കണ്ടതു ബോധംകെട്ടുവീണ കുഞ്ചപ്പനെയായിരുന്നു.

# ഉപനിഷത്തിലെ ഒരുപദേശപ്രസംഗം. *

[സാഹിത്യശിരോമണി പി. എസ്സ്. സുബ്ബരാമപട്ടർ]

പുണ്യഭൂമിയായ ഭാരതവൎഷത്തിലെ പുരാതനനിവാസികളായിരുന്ന ഋഷീശ്വരന്മാർ തങ്ങളുടെ പ്രിയസന്താനങ്ങൾക്കായി സമ്പാദിച്ചുവെച്ചിട്ടുള്ള അമൂല്യമായ വിജ്ഞാനസമ്പത്തിൽ അഗ്രിമസ്ഥാനത്തെ അൎഹിക്കുന്ന ചില അനൎഘരത്നങ്ങളാണ് ഉപനിഷത്തുകൾ. ആത്മതത്വത്തെ വിഷയമാക്കി വിരചിച്ചിട്ടുള്ള വേദാന്തദൎശനത്തിൻെറ അസ്ഥിവാരവും പരമപ്രമാണവുമായി ഗണിക്കപ്പെട്ടുവരുന്ന പത്ത് ഉപനിഷത്തുകളും വാനപ്രസ്ഥാശ്രമം കൈക്കൊണ്ട വിരക്തന്മാൎക്ക് അരണ്യത്തിൽവെച്ച് അഭ്യസിക്കുന്നതിന്നായിട്ടാണ മാമുനിമാർ ഉദ്ദേശിച്ചിട്ടുള്ളത്. അവയെല്ലാം മുഖ്യമായി മോക്ഷമാൎഗ്ഗത്തെ ഉപദേശിക്കുന്നവയാണെങ്കിലും, ആ മാൎഗ്ഗത്തിലേക്കുള്ള ഗതിയെ സുകരമാക്കിത്തീൎക്കുന്ന പല സദാചാരതത്വങ്ങളും ലൌകികന്മാരുടെ ആവശ്യത്തിന്നായി അവയിലവിടവിടെ കൂട്ടിച്ചേൎത്തിട്ടുണ്ട്. സാംസാരികസുഖങ്ങളെ സന്ന്യസിച്ചിട്ടില്ലാത്ത സാധാരണന്മാൎക്കു പ്രാപഞ്ചികജീവിതത്തിൽപോലും പ്രശാന്തതയോടുവാനുപകരിക്കുന്ന അത്തരം തത്വോപദേശങ്ങളിലൊന്നാണ തൈത്തിരിയോപനിഷത്തിലടങ്ങിയ ധൎമ്മാനുശാസനം. വേദാധ്യയനത്തിൻെറ അവസാനത്തിൽ ഗുരുകുലവാസത്തിൽനിന്നു വിരമിക്കുന്ന ബ്രഹ്മചാരികൾക്കു നല്കപ്പെട്ടിരുന്ന ആ ധൎമ്മോപദേശം ഇക്കാലത്തെ വിദ്യാൎത്ഥികൾക്കു വിദ്യാഭ്യാസം കഴിയുന്നതോടുകൂടി സൎവ്വകലാശാലക്കാർ കൊടുത്തുവരുന്ന ഉപദേശത്തെക്കാൾ വളരെയധികം ഗൌരവവും ഗാംഭീൎയ്യവുമുള്ളതായിട്ടാണ കാണപ്പെടുന്നത്.

സംഹിത മുഴുവനും ഓതിച്ചുകൊടുത്തശേഷം ആചാൎയ്യൻ അന്തേവാസിയോട് ഉപദേശിക്കുന്നു:—"സത്യം പറയുക. ധൎമ്മം അനുഷ്ഠിക്കുക. ഗുരുവിൻെറ ഇഷ്ടമനുസരിച്ചു ദക്ഷിണകൊടുത്തശേഷം സന്തതിക്കു വിച്ഛേദം വരാതിരിപ്പാനായി വിവാഹം ചെയ്യുക. സത്യം, ധൎമ്മം എന്നിവയിൽനിന്നെന്നപോലെതന്നെ അവനവൻെറ നന്മക്കും ശ്രേയസ്സിന്നുമുതകുന്ന കൎമ്മങ്ങളിൽനിന്നും തെററിപ്പോകാതിരിപ്പാൻ ശ്രദ്ധിക്കണം. സ്വയം അധ്യയനം ചെയ്യുക, മററുള്ളവരെ അധ്യാപനംചെയ്യുക എന്നിവയിൽ ഒരിക്കലും അശ്രദ്ധ കാണിക്കരുത്. ദേവകാൎയ്യങ്ങളിലും പിതൃകൎമ്മങ്ങളിലും പിഴ പററിപ്പോകരുത്. മാതാപിതാക്കന്മാർ, ആചാൎയ്യൻ, അതിഥികൾ എന്നിവരെ ഈശ്വരന്മാ

* പകൎപ്പവകാശം ലേഖകന്ന്.

പ്പോലെ വിചാരിക്കണം. അനിന്ദ്യങ്ങളായ പ്രവൃത്തികൾമാത്രമേ ചെയ്യാവൂ. ആചാര്യന്മാർ അനുഷ്ഠിച്ചുകാണുന്ന സൽപ്രവൃത്തികളെ മാത്രമേ അനുകരിക്കാവൂ. തങ്ങളേക്കാൾ പൂജ്യതരന്മാരായ ആരെങ്കിലും സംസാരിക്കുമ്പോൾ അവർ പറയുന്നതിൻെറസാരം ശ്രദ്ധാപൂർവ്വം ഗ്രഹിക്കുകയും അവരുടെ മുമ്പിൽ മൌനമവലംബിച്ചു വിനയപൂർവ്വം പെരുമാറുകയും ചെയ്യണം. എന്തെങ്കിലും ദാനം ചെയ്യുന്നതായാൽ അതും ശ്രദ്ധയോടും ഭയത്തോടുംകൂടി വേണ്ടതാണ്. ധർമ്മവിഷയത്തിൽ വല്ല സംശയവും നേരിടുന്നതായാൽ കൃത്യാകൃത്യവിചാരത്തിൽ കുശലന്മാരും ധർമ്മതല്പരന്മാരുമായ മഹാന്മാരുടെ പ്രവൃത്തികളെ അനുസരിച്ചുകൊള്ളുക. ഇതാണു ധർമ്മവിധി. ഇതാണു സദാചാരോപദേശം. ഇതുതന്നെയാണു വേദരഹസ്യം. ഇപ്രകാരമാണ് പ്രവർത്തിക്കേണ്ടതു്."

ലോകത്തിൻെറ നിലനില്പിന്നായി എല്ലാവരും ഒരുപോലെ ആചരിക്കേണ്ടുന്ന ശാശ്വതധർമ്മങ്ങൾ, അവനവൻെറ ഐഹികമായ അഭ്യുദയത്തിനും പാരത്രികമായ ശ്രേയസ്സിനുമായി എല്ലായ്പോഴും അനുഷ്ഠിക്കേണ്ടുന്ന സ്വധർമ്മം, ആജീവനാന്തമുള്ള അനുഷ്ഠാനംകൊണ്ടുമാത്രം അപനയിക്കപ്പെടാവുന്ന ഋണങ്ങളിൽനിന്നു വേർപാടു നേടുവാനുള്ള കർത്തവ്യകർമ്മങ്ങൾ എന്നിങ്ങനെ നാനാപ്രകാരങ്ങളായ ധർമ്മങ്ങളെ മുഴുവനും വ്യാപിച്ചുകൊണ്ടുള്ള ഈ വേദാനുശാസനം പ്രാചീനാര്യാവർത്തത്തിലെ വിദ്യാഭ്യാസരീതിയേയും അതിൻെറ പരമോദ്ദേശത്തേയും വേണ്ടുവോളം വ്യക്തമാക്കുന്നുണ്ട്. ധർമ്മമാർഗ്ഗത്തിൽനിന്ന് ഒരു നെല്ലിടപോലും തെറ്റിക്കുന്ന വിദ്യാഭ്യാസം ഫലപ്രദമല്ലെന്നായിരുന്നു മാമുനിമാരുടെ മതം. ലൌകികവ്യവഹാരങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർ അവശ്യം അറിഞ്ഞിരിക്കേണ്ടുന്ന ആചാരങ്ങളേയും പ്രസ്തുതോപദേശം എത്ര വിശദമായി വിളിച്ചുപറയുന്നു! പുത്രതുല്യന്മാരായ തങ്ങളുടെ ശിഷ്യന്മാരും തങ്ങളെപ്പോലെതന്നെ വിവേകികളും വിനീതന്മാരുമായിത്തിരേണമെന്നുള്ള ആഗ്രഹം ആരണ്യകന്മാരായ ആ ആചാര്യന്മാർക്ക് എത്രത്തോളം ഉണ്ടായിരുന്നുവെന്നുള്ളതും നമുക്ക് ഇതിൽനിന്ന് അനുമാനിക്കാവുന്നതാണ്. ചുരുക്കിപ്പറയുന്നതായാൽ, മഹർഷിമാരുടെ മനസ്സംസ്കാരത്തിൻേറയും ധർമ്മബോധത്തിൻേറയും ദൃഷ്ടാന്തമായി വിളങ്ങുന്ന ഈ ഉപദേശം മനുഷ്യസമുദായത്തിന്നു ജാതിമതഭേദവും കാലദേശവ്യത്യാസവും കൂടാതെ അംഗീകരിക്കാവുന്ന ഒരു ധർമ്മാദർശത്തെ പ്രദർശിപ്പിക്കുന്നുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. ഈ മാതിരിയുള്ള എത്ര തത്വരത്നങ്ങളാണു മറമൊഴികളുടെയിടയിൽ മറഞ്ഞുകിടക്കുന്നതു്! എന്നാൽ അഭിജ്ഞമ്മന്യന്മാരായ ആധുനികന്മാർ അവയെ കാണുന്നതുമില്ല; അവയുടെ വിലയറിയുന്നതുമില്ല.

UNIVERSITY LIBRARY
16 FEB 1935
MADRAS

# തടാകതീരത്തു്.

[കെ. ആർ.]

കടലിൻ തിരത്തെത്തി
താന്തയായ് താഃനചെമ്മൺ-
കുടമൊന്നൊക്കത്തേന്തി-
യന്തിമസന്ധ്യാദേവി.
താത്ത്ന്ന, ലോളംചേത്ത
വാപിതൻ തടത്തിൽ ഞാ-
നാത്തകൌതുകമന്നും
ചെന്നുനില്ക്കയായി.

സ്വച്ഛമാം തടാകത്തിൽ-
ബ്ബിംബിച്ചങ്ങൊർദ്ദിക്കി-
ലുച്ചത്തിൽപാടിപ്പാടി-
യാടുന്ന വംശശ്രേണി;
ഒരിടം കണ്ണഞ്ചിക്കും
പൂക്കണിക്കൊന്നക്കാട-;
ങ്ങൊരിടം ചഞ്ചൽപത്ര-
കദളികദംബകം;
മുൾച്ചെടിപ്പടപ്പങ്ങി-
ങ്ങുയരും പാറക്കൂട്ടം;—
ഉൾച്ചേർപ്പിലാക്കാനന്ദ-
മിസ്ഥലം രമണീയം!
തേനോലുംഗാനംപാടി
പൈങ്കിളിക്കൂട്ടം, ചാറ-
മാനന്ദലാസ്യം ചെയ്തു
വാരന്തിപ്രസൂനങ്ങൾ.

വർണ്ണവൈചിത്ര്യംകോലു-
മാസന്നസ്ഥലികളാൽ
വർണ്ണ്യമായ് വിളങ്ങുന്ന
വാപിയന്നേരം കാണായ്

ഏികത്രസന്ധ്യാരാഗ-
　　മന്യത്രനൈശച്ഛായ —
ആകമ്രമിവചേൎന്നു
　　മിന്നുന്നവാനംപോലെ.

ശ്യാമസുന്ദരമായ
　　ശാദ്വലപ്പരപ്പിലാ-
ഗ്രാമത്തിൽച്ചെന്നെത്തുന്ന
　　കൊച്ചുകാലടിപ്പാത
അന്തിവെയ്‌ലൊളിചിന്നി-
　　ക്കാണായാപ്രദേശത്തിൻ
സിന്ദൂരാങ്കിതശ്രീല-
　　സീമന്തരേഖയ്ക്കൊപ്പം.
വേപിതാധരങ്ങളാ-
　　ലതിനെച്ചുംബിപ്പാനായ്
വെമ്പുന്ന തിരക്കൊണ്ട
　　ദീൎഘികരാഗോദാരം.

അത്തടാകത്തിൻവക്ക-
　　ത്തക്കളിരന്തിക്കാറേറ-
ററമ്മൊളിനീരിൽക്കാലി-
　　ട്ടൊരുപാറതൻ മീതെ,
പതിവിൻപടിക്കന്നും
　　ചെന്നിരിപ്പായി ഞാനാ-
പ്പുഴംപൂപൊഴിയുന്ന
　　പൂത്തിലഞ്ഞിതൻ കീഴിൽ.

അങ്ങിരിക്കവേകാണാം
　　മുന്നിലാഗ്രാമംചൂഴം
തുംഗപാദപങ്ങൾക്കു-
　　ള്ളന്തരാളത്തിൽക്കൂടെ
സാരാഭയേലും മേഘ-
　　ത്തെല്ലുകൾമിതെപ്പാറും
സാന്ധ്യമംഗലദീപ-
　　സുന്ദരസദനങ്ങൾ.

മലയാണഗ്രാമത്തിൻ
തെക്കേതിന്നാരാൽത്താഴ-
ത്തലതല്ലുന്നൂ പച്ച-
ക്കടൽപോലൊരുപാടം.
അദ്രിതൻ പിൻഭാഗത്തു-
നിന്നാരോ കളിയായി-
ട്ടുദ്രസമെറിഞ്ഞൊരു
മുല്ലപ്പൂമാലയ്ക്കൊപ്പം
വ്യോമത്തിലണിയായി-
പ്പൊന്തിയ വലാകക-
ളാമന്ദം വീണുവന്നാ
വയലിൻ മടിത്തട്ടിൽ.
കൊച്ചുനീർത്തോടൊന്നുണ്ടു
കളനാദത്താൽക്കൊഞ്ചി-
ക്കൊഞ്ചിയങ്ങലക്കൈകൾ
കുടഞ്ഞുകളിക്കുന്നു.
ചാലെയുണ്ടഴകുററ
പൂങ്കുലചലിപ്പിച്ചു
ചേലൊത്തു ചാഞ്ചാടുന്നു
കാശപ്പുൽ നിരയിളെ.

അങ്ങിരുന്നു ഞാൻ വീണ്ടും-
വീണ്ടുമോരോന്നും നോക്കി-
ബ്ഭംഗമററതാമോരോ
സൌന്ദര്യവിലാസവും.
പതിവായ് കാണുന്നുണ്ടു
ഞാനിതെല്ലാ,മെന്നാലും
പഴകീലവയെന്നും
നൂതനാലോകം താൻ മേ.
എന്തെന്തു മട്ടേന്തിലെ-
ന്നന്തരംഗ,മോരോന്നും
ചന്തത്തിലെൻചിത്തത്തി-
ലങ്ങനെ നിഴലിക്കെ?
ചിലപ്പോൾ വാപീജലം
പോലവേ തെളിവേലും;

ചിലപ്പോളാകാശം പോൽ
　　വിസ്തൃതമായിത്തീരും;
ചിലപ്പോറം മലപോലെ
　　നിശ്ചലോന്നതമാകും;
ചിലപ്പോളാഴൽപ്പാടം
　　പോലവ യലതല്ലും.
തന്നത്താൻമറന്നേവ,
　　മെൻചാരത്തൂടെപോയോ-
രന്നിമേഷങ്ങറക്കുള്ള
　　കാലൊച്ച കേട്ടിലാ ഞാൻ.

അങ്ങിതന്നടിയിലെ-
　　യ്ക്കൂറിയൂറിപ്പോയ് മെല്ലെ-
ന്നാപ്പകലതിലിട്ട
　　കനകപ്പൊടിയെല്ലാം.
ദൂരെനിന്നോരോന്നായാ-
　　ഗ്രാമവുംകാട്ടും മാച്ചെൻ-
ചാരത്തുപററിക്കൂടി
　　നിഌയായിരുറക്കൂട്ടം.
സ്വപ്നലോകത്തിൽനിന്നും
　　തിരിച്ചുവന്നെൻചുററം
സ്വച്ഛന്ദം കണ്ണോടിക്കെ-
　　യത്ഭുതം! ആന്ധ്യംമാത്രം
മാനസോല്ലാസംതന്ന
　　കാഴ്ചകളശേഷവും
മാഞ്ഞുപോയിരുട്ടത്തെൻ
　　വഴിതപ്പുകയായ് ഞാൻ.

കൂരിരുട്ടിനെപ്പേർത്തും
　　ശപിച്ചും, വഴിനിളെ
വാരേലുമദൃശങ്ങറ
　　വെവ്വേറെ സ്മരിച്ചുംഞാൻ
പോകവേ, വഴിവക്കി-
　　ലുള്ളൊരു കുടിലിൻെറ-
യാകമ്രസന്ധ്യാഗീത-
　　മിങ്ങനെ കലാശിച്ചു:—

"ഏതു ചിത്രവുംമാച്ചാൻ
    മാത്രമല്ലല്ല, യത്ര
ചേതോമോഹനമായി-
    ക്കുറിപ്പൂ പ്രകൃതിശ്രീ?
ഏതുശബ്ദവും ചേരാൻ
    നിത്യമൂകതയിങ്കൽ;
ഏതു ദീപ്തിയും പൊലി-
    ഞ്ഞീടുവാനിരുളിങ്കൽ;
ഏതു ജീവിതവുംപോയ്
    മൃത്യുവിലില്ലാതാവാ-
നെന്നല്ലീ നിയതിതൻ
    നിയമം സനാതനം?
ആ നിലയ്ക്കൊരുതെല്ലു-
    നേരത്തേയ്ക്കുതാൻ പോരു
മാനന്ദമരുളിയ
    വസ്തുവെക്കുറെനേരം
കേവലം ക്ഷണികമാ-
    മൊരിരുൾ മറച്ചെന്നാൽ
കേഴുവതെന്തിന്നജ്ഞർ
    പോലെയെൻകവേ ഭവാൻ?
ഏതു കൂരിരുളുണ്ടീ-
    യിരവിൻ സ്വാധീനത്തിൽ-
ച്ചേതസ്സിൻ പൊലിയാത്ത
    ദീപ്തിയെ മറയ്ക്കുവാൻ?"

# ഗ്രന്ഥനിരൂപണം.

## "കാൽവരിയിലെ കല്പപാദപം."

ഗ്രന്ഥകർത്താ:

[കൈനിക്കര പത്മനാഭപിള്ള]

ഭാഷാസാഹിത്യത്തിലെ അഭിനവവും അഭിരാമവുമായ മറെറാരു പ്രസ്ഥാനമാണല്ലോ ഗദ്യനാടകം. കേവലം ഇന്നലെ മാത്രം കുരുമ്പെടുത്ത സുന്ദരമായ ഈ സാഹിത്യവല്ലരി ഇന്നു താരും തളിരുമായി പന്തലിച്ചു നില്ക്കുന്നുവെന്നു പറയാൻ ഞങ്ങൾക്കു അത്യധികമായ ആനന്ദവും അഭിമാനവും തോന്നുന്നുണ്ടു്. ശ്രീമാൻ കൈനിക്കര പത്മനാഭപ്പിള്ളയുടെ പുതിയ നാടകമായ 'കാൽവരിയിലെ കല്പപാദപം' മുമ്പിൽവെച്ചുകൊണ്ടാണു ഞങ്ങൾ ഇത്രയും പറയുവാൻ ധൈര്യപ്പെടുന്നതു്.

ഒരു പുതിയ പ്രസ്ഥാനമായതുകൊണ്ടായിരിക്കാം, ഗദ്യനാടകത്തെപ്പററി വിവിധങ്ങളും വിരുദ്ധങ്ങളുമായ അഭിപ്രായങ്ങൾ പ്രചാരത്തിലുണ്ടു്. ഗദ്യനാടകത്തിന്റെ ഇതിവൃത്തസ്വീകരണത്തെപ്പററി വളരെ വാശിയായി വാദിക്കപ്പെട്ടുവരുന്നു. സാമുദായികങ്ങളായ ഇതിവൃത്തങ്ങളെ ആസ്പദമാക്കി രചിക്കപ്പെടുന്ന നാടകങ്ങളേ നാടകങ്ങളാവുള്ളുവെന്നും, മററുള്ള നാടകങ്ങൾ മനുഷ്യസമുദായത്തിനു യാതൊരു വകയേയും ചെയ്വാൻ പററാത്ത വെറും 'പഴഞ്ചൻ' കഥകൾ മാത്രമെ ആവുന്നുള്ളുവെന്നും ചില പുത്തൻകൂററുകാർ പ്രസംഗിക്കുന്നതു ഞങ്ങൾ കേൾക്കാറുണ്ടു്. അവർ പറയുന്നതു് അപ്പടി വകവെച്ചുകൊടുക്കുവാൻ ഇന്നും ഞങ്ങൾ തയ്യാറില്ല. സമുദായത്തിന്റെ സുസ്ഥിരവും സുന്ദരവുമായ സംഘടനയ്ക്കു ഉതകുന്നതായ സൃഷ്ടിപരങ്ങളായ സംഭവങ്ങളെ, സാഹിത്യഭംഗിയോടും അഭിനയയോഗ്യതയോടുംകൂടി, രംഗത്തു കൊണ്ടുവരുന്നതാണു നല്ലതായ ഒരു നാടകത്തിന്റെ കർത്തവ്യമെങ്കിൽ—എന്നാണു് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതു്—വിദഗ്ദ്ധനായ ഒരു നാടകകാരന്റെ കയ്യിൽ സാമുദായികമൊ, ചരിത്രപരമൊ, ഇതിഹാസപരമൊ ആയ ഇതിവൃത്തങ്ങൾക്കു തുല്യസ്ഥാനമാണു ഞങ്ങൾ കാണുന്നതു്. മനുഷ്യസമുദായത്തിന്റെ മൌലികമായ തത്വങ്ങൾ പലതും വേദേതിഹാസങ്ങളിലും, അവയുടെ വിജയാപജയങ്ങളുടെ സജീവങ്ങളായ ഉദാഹരണങ്ങൾ പലതും ചരിത്രത്തിലും കാണുന്നു. എന്നിരിക്കെ, ഇവയെ ഏതിനെ അടിസ്ഥാനപ്പെടുത്തി എഴുതപ്പെടുന്ന നാടകവും—അതു തനി 'സാമുദായികനാടകം' അല്ലെന്നിരിക്കിലും—സഹൃദയഹൃദയാഹ്ലാദകരമായിരിക്കും.

മറിച്ചു വാദിക്കുന്നവരോടുള്ള ഏററവും ഉച്ചത്തിലും ഉറപ്പിച്ചും ഉള്ള മറുപടിയാണു ശ്രീമാൻ കൈനിക്കരയുടെ "കാൽവരിയിലെ കല്പപാദപം."

ബൈബിളാണു പ്രസ്തുതനാടകത്തിന്റെ ആസ്പദം; പ്രസിദ്ധഗ്രന്ഥകർത്ത്രിയായ മേരീകോറലിയുടെ പേർപെററ ഗ്രന്ഥമായ "ബാറബ്ബസ്സാ"ണു പ്രചോദനം. വിഖ്യാതങ്ങളായ ഈ രണ്ടു വിശ്വഗ്രന്ഥങ്ങൾക്കും അപമാനം തോന്നത്തക്ക യാതൊന്നും ശ്രീമാൻ കൈനിക്കരയുടെ പുസ്തകത്തിൽ കാണുന്നില്ലെന്നു പറയുന്നതിൽക്കൂടുതൽ മലയാളത്തിലെ ജീവിച്ചിരിക്കുന്ന ഒരു നാടകകാരനെ ബഹുമാനിക്കുവാൻ ഞങ്ങൾക്കു വശമില്ല! 'കല്പപാദപ'ത്തിലെ ഓരോ പാത്രവും സജീവവും അത്യുജ്വലവുമായിട്ടുണ്ട്. ദുരധികാരത്തിന്റെ ദുർമ്മദസ്സു നുരഞ്ഞുപൊങ്ങി പുളപ്പെടുക്കുന്ന കയാഫസ്; വിലാസലാലസയും വിശ്വമോഹിനിയുമായ ജൂഡിത്ത്; ചുംബിച്ചു ചതിച്ചതിനുശേഷം പശ്ചാത്താപംകൊണ്ടു എരിപൊരികൊള്ളുന്ന ജൂഡാസ്; നിഷ്കാമദിവ്യപ്രേമത്തിന്റെ നിതാന്തസുന്ദരവിഗ്രഹമായ മഗ്ദലനമറിയം; വത്സലപുത്രനെ വഞ്ചിച്ചവന്റെ അരിഷ്ടാവസ്ഥയിലും മനമലിഞ്ഞുരുകി 'മകനേ' എന്നു പുളകംമുളപ്പിക്കുമാറു വിളിക്കുന്ന കരുണാകരമായ കന്യകാമറിയം; പ്രശാന്തഗംഭീരനും, പ്രേമൈകാത്മാവുമായ ക്രിസ്തു—ഇതിവൃത്തത്തിന്റെ സർവതോമുഖവും സാർവ്വലൌകികവുമായ രസത്തിലും, പ്രതിപാദനത്തിന്റെ പ്രതിപദമുള്ള അന്തസ്സിലും മലയാളനാടകങ്ങളിൽ ഏററവും മഹാർഘമായ ഒരു സ്ഥാനമാണു പ്രസ്തുതനാടകത്തിനുള്ളതു്. സൌന്ദര്യത്തിന്റെ സാരി വലിച്ചിഴച്ചുകൊണ്ടു്, മദോന്മത്തയായി നടക്കുന്ന ജൂഡിത്ത്—അവൾ അവളുടെ മണിച്ചുണ്ടൊന്നു മടക്കിക്കൊണ്ടു ചോദിക്കുകയാണു്:—"അപ്പോൾ ഈ സ്നേഹം എന്നു പറയുന്നതു് എങ്ങിനെയിരിക്കും, തോഴി?" ഏതാണ്ടു് എല്ലാ പാത്രങ്ങളും ഒരുപോലെ നന്നായിരിക്കുന്ന ഈ നാടകത്തിൽ ജൂഡിത്തിന്റെ സൃഷ്ടിയാണു ഞങ്ങൾക്കു കൂടുതൽ ഹൃദയാവർജ്ജകമായി തോന്നിയതു്. ചിലേടത്തു് അവൾ ക്ലിയോപാട്രക്കുകൂടി മാതൃകയാവുന്നുവെന്നു ഞങ്ങൾക്കു തോന്നിപ്പോവുന്നു. വിലോഭനീയയായ ആ വിശ്വമോഹിനിയുടെ സൃഷ്ടിയിൽ കുറച്ചും, അജ്ഞാതനായ ആ 'തത്വജ്ഞാനി'—'മെൽഷിയ'—രുടെ സൃഷ്ടിയിൽ ഏതാണ്ടു മുഴുവൻതന്നെയും ഗ്രന്ഥകാരൻ മേരീകോറലിയെ അനുകരിക്കുന്നുണ്ടു്. എന്നാൽ അനുകരണം പലേടത്തും അസ്സലിനെക്കൂടി അതിശയിക്കുന്നുവെന്നു പറയാൻ ഞങ്ങൾ ധൈര്യപ്പെടുന്നു.

അവിടവിടെ, മുഗ്ദ്ധലവികാരങ്ങളുടെ മണൽത്തിട്ടുകളിൽക്കൂടി,

കൊച്ചുകൊച്ചു ഗാനനിർഝരികൾ മൂളിക്കൊണ്ടുപോകുന്നതു് ഏററവും കർണ്ണാനന്ദകരമായിരിക്കുന്നു.

ചിലേടത്തു് ഞങ്ങൾക്കു ചില അഭിപ്രായവ്യത്യാസങ്ങൾ ഇല്ലെന്നു പറഞ്ഞുകൂടാ. ശ്രീമാൻ പിള്ളയുടെ ഓരോ പാത്രത്തിനും തികഞ്ഞ വ്യക്തിത്വമുണ്ടു്, സ്വാഭാവികത്വമുണ്ടു്. എന്നാൽ ജൂഡാസിന്റെ കാര്യത്തിൽ ഞങ്ങൾക്കു് ഒരു സംശയം. സർവ്വസംഗപരിത്യാഗിയായി, ക്രിസ്തുദേവന്റെ തൃപ്പാദങ്ങളെ ആശ്രയിച്ചു് ഏറിയ നാൾ കഴിച്ചുകൂട്ടിയ ജൂഡാസ്—ധനികനായ ഒരു പിതാവിന്റെ ഏകപുത്രനും, ആദർശധീരനുമായ ആ യുവാവു്—കേവലം 30 വെള്ളിത്തുട്ടിനുവേണ്ടി തന്റെ ആത്മാവിനേയും ഗുരുവിനേയും ഒന്നിച്ചു വഞ്ചിക്കുക അസ്വാഭാവികമെന്നു മററു പല മഹാന്മാരും വാദിക്കുന്നതിനോടു ശ്രീമാൻ പിള്ള യോജിക്കുന്നു. സംഭാവ്യതാ ഗുണത്തിനുവേണ്ടി മേരീ കോറല്ലിയെ അനുകരിച്ചു ജഗന്മോഹിനിയും കുടിലതന്ത്രാഗ്രേസരയും ആയ ഒരു സഹോദരിയെ സൃഷ്ടിക്കുന്ന ഗ്രന്ഥകാരന്റെ ഔചിത്യബോധം ഏററവും പ്രശംസനീയമായിട്ടുണ്ടു്. സോദരീസ്നേഹസർവ്വസ്വനായ ജൂഡാസിനെക്കൊണ്ടു് അഭിനയവിദഗ്ദ്ധയായ ആ കൊച്ചനുജത്തി കാര്യങ്ങൾ നിർവ്വഹിപ്പിക്കുന്നതും, കാര്യനിർവ്വഹണത്തിനുശേഷമുള്ള ജൂഡാസിന്റെ പശ്ചാത്താപരംഗങ്ങളും ഏററവും വിജയകരങ്ങളായ രംഗങ്ങളാണു്. കൊടിയതായ ഒരു അപരാധമാണു ജൂഡാസിന്റേതു്. എന്നാൽ ഒരു അപരാധിയെക്കാൾ അധികം ദുരാഗ്രഹത്തിന്റേയും കൌടില്യത്തിന്റേയും വിദഗ്ദ്ധമായ ഹസ്തങ്ങളാൽ ഉപയോഗിക്കപ്പെട്ട അനുകമ്പാർഹമായ ഒരു ആയുധമാണു്. കാർമേഘത്തിന്റെ വക്കത്തുള്ള ഈ രജതരേഖ നയനാനന്ദകരമായ ഒരു കാഴ്ചയത്രെ. മനുഷ്യനിൽ ഉള്ള പിശാചിനെ നാം വെറുക്കുമ്പോൾ, അവനിൽ ഉള്ള മനുഷ്യത്വത്തേയും ക്രൂരങ്ങളായ സന്ദർഭങ്ങളുടെ മുമ്പിലുള്ള അവന്റെ ബലഹീനതയോടു, നാം സഹതപിക്കുന്നു. എന്നാൽ അന്യത്ര ഈ ബോധത്തിനു വിരുദ്ധമായി ചിലതു കാണുന്നു. സഹോദരിയെ കാണുന്നതിനു മുമ്പുതന്നെ അജ്ഞാതനായ മെൽഷിയർ "താനായിരിക്കയില്ല നിങ്ങളുടെ ഗുരുനാഥനെ വഞ്ചിക്കുകയെന്നു പറയുമ്പോൾ" (Page 91) മററു ശിഷ്യസഹോദരന്മാരേക്കാൾ കൂടുതലായി ജൂഡാസ് മാത്രം "അത്ഭുതത്തോടും, ഭീതിയോടും, ഹൃദയക്ഷിണത്തോടുംകൂടി പിന്നോട്ടു മാറുവാൻ" എന്തിരിക്കുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാവുന്നില്ല.

മെൽഷിയരിന്റെ ഈ വാക്കുകളുടെ മുന ജൂഡാസിന്റെ മേൽ തട്ടാതെ സദസ്യർക്കു മാത്രം മനസ്സിലാവുകയാണെങ്കിൽ, 'Dramatic Irony' എന്ന ഉൽകൃഷ്ടമായ നാടകാലങ്കാരത്തിനു് അവിടെ സ്ഥാനമു

ണ്ടാവുമായിരുന്നു. ഇപ്പോഴാകട്ടെ, അതിന്നു് ഇവിടെ പ്രസക്തിയില്ല. അവ്യക്തമായ ഈ അടിയൊഴുക്ക് അവിടവിടെ കാണുന്നതു കഥാഗതിയിലും സ്വഭാവരൂപീകരണത്തിലും അസംബന്ധം ഉണ്ടാക്കിത്തീൎക്കുന്നു. അതു ജൂഡിത്തിന്റെ വിജയത്തേയും, യൊസഫിന്റെ കൌടില്യത്തിന്റേയും, പരിപൂൎണ്ണമല്ലാതാക്കുകയും, അങ്ങിനെ നാടകത്തിന്നു് ഒരു തേമാനം വരുത്തുകയും ചെയ്യുന്നു.

താൻ സ്നേഹിക്കാത്ത എല്ലാ പുരുഷന്മാരേയും ചുംബിച്ചു മയക്കുന്ന ജൂഡിത്തു്, താൻ സ്നേഹിക്കുന്ന ജ്യേഷ്ഠനെ, സോദരീപ്രാണനായ ജൂഡാസിനെ, തുറന്ന രംഗത്തുവെച്ചു ആലിംഗനം ചെയ്യുമ്പോൾ—അതു ജീവിതത്തിൽ ഒരിക്കൽമാത്രം വരുന്ന ഒരു സന്ദൎഭത്തിലല്ല, അവളുടെ കപടങ്ങളായ ഹാവഭാവങ്ങളിൽ ഒന്നെന്നുമാത്രം വരുമ്പോൾ—കഥാരംഗം ഏതുതന്നെയായാലും വേണ്ടില്ല—മലയാളത്തിലെ രംഗത്തിൽ കൊണ്ടുവന്ന ഗ്രന്ഥകാരന്റെ ഔചിത്യബോധം വാദിക്കത്തക്കതായി ഞങ്ങൾക്കു തോന്നുന്നു.

വിശുദ്ധപ്രേമത്തിന്റെ വെള്ളിക്കൊടിപോലുള്ള മേരി മഗ്ദലന—ഏററവും മനോഹരമായ ഒരു സൃഷ്ടിയാണു അവൾ. ലോകരക്ഷകനായ അവളുടെ ഗുരുദേവനോടുള്ള അവളുടെ അവികലമായ ഭക്തി, തന്തിരുവടിയോടുള്ള അവളുടെ കൃതകേതരമായ കൃതജ്ഞത, അദ്ദേഹത്തിന്റെ ആപത്തുകളിൽ ഉള്ള അവളുടെ മനംവലിഞ്ഞൂറിവരുന്ന അനുശോചനം പരിശുദ്ധമായ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും വരുന്ന പാവനങ്ങളായ ഈ വികാരങ്ങൾ തന്മയത്വത്തോടും ഹൃദയാവൎജ്ജകമായും വൎണ്ണിക്കുവാൻ ലളിതകോമളങ്ങളായ മലയാളപദങ്ങളാണു് ഏററവും പററുക. അവ ശ്രീമാൻ കൈനിക്കരെക്കു് അത്രമാത്രം സ്വാധീനമായിട്ടുകൂടി സുദീൎഘസന്ധികളും ദുൎഭരങ്ങളും ആയ സംസ്കൃതപദങ്ങളെ അദ്ദേഹം ചിലപ്പോൾ വലിച്ചിഴച്ചുകൊണ്ടു വരുന്നതു കാണുമ്പോൾ, ഞങ്ങൾക്കു അത്ഭുതം തോന്നുന്നുണ്ടു്.

വള്ളത്തോളിന്റെ മഗ്ദലനമറിയത്തിനുശേഷം കൃസ്തീയവേദവിദിതമായ ഒരു കഥാവസ്തു ഇത്രയും മനോഹരമായ രൂപത്തിൽ ഞങ്ങൾ കണ്ടിട്ടില്ല. മലയാളത്തിലെ സ്വതന്ത്രമായ ഗദ്യനാടകങ്ങളിൽ ഒന്നാമത്തെ സ്ഥാനം ഇതിന്റെ അവകാശമാണെന്നാണു ഞങ്ങൾ വിശ്വസിക്കുന്നതു്. നാടകം വായിച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾ അഭിമാനത്തോടുകൂടി പറഞ്ഞു:—“ഇതാ മലയാളസാഹിത്യം ഒരു നീണ്ട അടി മുന്നോട്ടു പോയി!” ഇങ്ങിനെ അഭിമാനിക്കുവാൻ വളരെയധികം ഞങ്ങൾക്കു തരമാവാറില്ല. ശ്രീമാൻ കൈനിക്കരയുടെ കൈരളീസേവനത്തിനു ഞങ്ങൾ കല്യാണം നേൎന്നുകൊള്ളുന്നു.

യു. എസ്സ്.

# അടിമത്തത്തിൽനിന്ന് ആധിപത്യത്തിലേക്ക്.

[ജി.]

ഉഗ്രനായ മദ്ധ്യാഹ്നസൂൎയ്യന്റെ ഉജ്വലകിരണങ്ങൾ തട്ടി പ്രശോഭിച്ചിരുന്ന 'ഖാൻഡഹാർ' വനപ്രദേശത്തുകൂടി, ബലിഷ്ഠനും രൂപവാനും ആയ ഒരു മുസൽമാൻ യുവാവ്, അശ്വാരൂഢനായി സഞ്ചരിക്കുകയായിരുന്നു. സുദീൎഘമായ യാത്രയും സുദാരുണമായ ആതപവും കൊണ്ടു് പ്രക്ഷീണനായ ആ പഥികൻ, കാനനാന്തരത്തിൽകൂടി വളഞ്ഞുപുളഞ്ഞു് ഒഴുകിക്കൊണ്ടിരുന്ന ചെറിയ നദിയുടെ തടത്തിൽ എത്തിയപ്പോൾ സ്വല്പസമയം വിശ്രമിക്കുന്നതിന്നു കുതിരപ്പുറത്തുനിന്നിറങ്ങി ഒരു ഛായാവൃക്ഷത്തിന്റെ തണലിൽ ചെന്നിരുപ്പായി; ശ്രാന്തമായ വാജി, ഹരിതതൃണങ്ങളായ അതിരമണീയമായ നദീതീരത്തു പുല്ലു കാന്തിന്നുകൊണ്ടു യഥേഷ്ടം നടന്നു; തരുമൂലത്തിൽ ചാരി, ശീതളച്ഛായയിൽ വിശ്രമിച്ചിരുന്ന അദ്ധ്വനീനൻ ക്ഷണത്തിൽ നിദ്രാവശഗനായി. ശ്രവണദാരുണമായ സിംഹഗൎജ്ജനം കേട്ടിട്ടാണ് ആ പുരുഷപുംഗവൻ ഞെട്ടിയുണൎന്നതു്. തൽസമയത്തു തന്റെ ഏകമിത്രമായ കുതിരയെ ഭയങ്കരമായ ഒരു സിംഹം അടിച്ചു വീഴിക്കുന്നതുകണ്ടു്, യുവാവ് അതിവേഗത്തിൽ വാളൂരി, ഒച്ചയും അനക്കവും ഉണ്ടാക്കാതെ പിന്നാലെ ചെന്നു് ആ വന്യസത്വത്തെ ആഞ്ഞുവെട്ടി. ഉടനേ സിംഹം മൃതപ്രായമായ തുരഗത്തെ ഉപേക്ഷിച്ചു്, ശത്രുവിന്റെ നേരെ തിരിഞ്ഞുവെങ്കിലും തുടരെത്തുടരെ ലഭിച്ച ഖഡ്ഗപ്രഹരത്താൽ അതിന് ആ ധീരനെ ഉപദ്രവിക്കുവാൻ സാധിച്ചില്ല. വനം നടുങ്ങത്തക്കവണ്ണം അലറിക്കൊണ്ടു് മുൻപോട്ടടുക്കുവാൻ സിംഹം ശ്രമിച്ചു; വിദ്യുല്ലതപോലെ വിളങ്ങിക്കൊണ്ടിരുന്ന പഥികഖഡ്ഗം ഏററ് അപ്പോഴേയ്ക്കും ശിരസ്സു പിളൎന്നു കഴിഞ്ഞതിനാൽ, അതു നിൎജ്ജീവമായി നിലംപതിച്ചു.

അഴിഞ്ഞുപോയ ഉഷ്ണീഷം യഥാപൂൎവ്വം കെട്ടി, നെററിയിൽ പൊടിഞ്ഞ സ്വേദകണികകൾ വസ്ത്രാഞ്ചലത്താൽ ഒപ്പി, അദ്ദേഹം, കുതിരയുടെ സമീപത്തു കരുണാൎദ്രമായ ഭാവത്തോടുകൂടിച്ചെന്നു; അതിന്നു ജീവൻ ഉണ്ടായിരുന്നില്ല. 'എന്റെ വിശ്വസ്തനായ സ്നേഹിതൻ എന്നേയ്ക്കുമായി പിരിഞ്ഞു; ഇനി ഞാൻതന്നെ യാത്രചെയ്യണമെന്നായി; ദൈവഹിതം ജയിക്കും', എന്നു തന്നെത്താൻ പറഞ്ഞുകൊണ്ടു യാത്രാഭാണ്ഡമെടുത്തു് ആ ചെറുപ്പക്കാരൻ അവിടെനിന്നു പുറപ്പെട്ടു.

പരവതാനി വിരിച്ചതുപോലെ പച്ചപ്പുല്ലു പിടിച്ചു പരന്നുകിടക്കുന്ന ഒരു മൈതാനത്തിലാണ് ആ കാട്ടുവഴിയിൽകൂടി അദ്ദേഹം ചെന്നെത്തിയതു്. അല്പം അകലെ സ്വശിശുവിനെ വാത്സല്യപൂർവ്വം നക്കിക്കൊണ്ടു നിന്നിരുന്ന ഒരു ഹരിണി അപരിചിതനെ കണ്ടമാത്രയിൽ ഭയപാരവശ്യത്താൽ ഓടിപ്പൊയ്ക്കളഞ്ഞു. ചെറിയ മാൻകുട്ടിയ്ക്കു വേഗത്തിൽ ഓടുവാൻ ശക്തിയില്ലാതിരുന്നതിനാൽ ആ പാന്ഥന്റെ കൈയിൽപെട്ടു. മൃഗമാംസത്തിന്റെ ആസ്വാദ്യത വിചാരിച്ചിട്ടല്ല, ആഹാരപദാർത്ഥത്തിന്റെ ദൌർല്ലഭ്യം നിമിത്തമാണ് ആ മനുഷ്യൻ അതിനെ പിടിച്ച് കരചരണങ്ങൾ ബന്ധിച്ചു സഞ്ചിയുടെ കയറിൽതൂക്കിയിട്ടുകൊണ്ടു് യാത്രയായതു്. അതിന്റെ കരുണകരുണമായ വിലാപം സഞ്ചാരിയുടെ ദയയെ ഉദ്ദീപിപ്പിക്കുവാൻ ശക്തമായില്ല.

വീണ്ടും വനാന്തരത്തിൽ പ്രവേശിച്ച് അല്പം ദൂരം തരണം ചെയ്തതിനുശേഷം സൌകര്യമുള്ള ഒരു സ്ഥലത്തു ഭാണ്ഡമിറക്കി ഭക്ഷണസാധനം പചിക്കുവാൻ അദ്ദേഹം ഉദ്യമിച്ചു. ശുഷ്കങ്ങളായ ദാരുഖണ്ഡങ്ങൾ തമ്മിൽ ഉരച്ച് അഗ്നിയുണ്ടാക്കിക്കൊണ്ടിരിക്കുന്ന സമയത്തു് യാദൃച്ഛികമായി തിരിഞ്ഞുനോക്കി. അപത്യവാത്സല്യത്താൽ പരവശയായ മൃഗി, കുറച്ചകലെ അശ്രുപൂർണ്ണങ്ങളും ദീർഘമനോഹരങ്ങളും ആയ വിലനേത്രങ്ങളാൽ തന്നേയും ബദ്ധമായ ശിശുവിനേയും മാറിമാറി നോക്കിക്കൊണ്ടുനിൽക്കുന്നതാണ് അപ്പോൾ ആ ദയാലുവിന്റെ ദൃഷ്ടിയ്ക്കു വിഷയമായതു്. ആ ദയനീയമായ കാഴ്ചയാൽ കരളലിഞ്ഞ യുവാവു് ഉടനെ കുട്ടിയെ ബന്ധനമുക്തമാക്കി; അതു തുള്ളിച്ചാടിക്കൊണ്ടു് അമ്മയുടെ സമീപത്തേയ്ക്കു് ഓടിപ്പോകുകയും ചെയ്തു. മൂകമായ മൃഗം ഉദാരമായ ആ കൃത്യത്തിനു കണ്ണുകൊണ്ടാണു നന്ദിപറഞ്ഞതു്. സന്തോഷപാരവശ്യത്താൽ, ആ സൌമ്യജീവികൾ മറയുന്നതുവരെ ക്ഷുൽപിപാസകൾ മറന്ന് പഥികൻ നിർന്നിമേഷം നോക്കിനിന്നുപോയി.

അന്നുരാത്രി അരണ്യത്തിന്റെ മറ്റൊരു ഭാഗത്തു്, ചന്ദ്രികാസുന്ദരമായ തൃണഭൂമിയിൽ ശയിക്കുമ്പോഴും, ആ മാൻകുട്ടിയുടേയും തള്ളയുടേയും സൌമ്യവും കൃതജ്ഞതാപൂർണ്ണവും ആയ മുഖഭാവം ആ യുവാവിന്റെ മനോനേത്രത്തിനു് അപ്രത്യക്ഷമായില്ല. 'താൻ ആ നിരുപദ്രവജീവിയെ നിഗ്രഹിച്ചിരുന്നെങ്കിൽ എത്ര ക്രൂരമായ ഒരു കർമ്മമായിത്തീരുമായിരുന്നു അതു്.' എന്നു വിചാരിച്ചു കിടന്നിരുന്ന അദ്ദേഹം ക്ഷണേന നിദ്രാധീനനായി. ഉടനേ ഉജ്വലാകൃതിയായ ഒരു സിദ്ധൻ സമീപത്തുചെന്നു്, വത്സാ, നീ ആ സാധുജീവിയോടു കാണിച്ച കരുണയാൽ ദൈവം സന്തുഷ്ടനായിരിക്കുന്നു; നീ 'ഘസ്നി'യിലെ രാജാവാകും',

എന്നനുഗ്രഹിച്ചതായി സ്വപ്നം കണ്ടു. സന്തോഷാധിക്യത്തോടുകൂടി ഉണൎന്നുനോക്കിയപ്പോൾ നിലാവിൽ ആറാടിനില്ക്കുന്ന അരണ്യവൃക്ഷം മാത്രമാണു ദൃഷ്ടിഗോചരമായത്. ആ ആശാജനകമായ സ്വപ്നദൎശനം നിമിത്തം പിന്നെ ആ അനുഗൃഹീതനു് ഉറക്കം വന്നില്ല.

രാജ്യഭ്രഷ്ടനായ ഒരു പാരസികരാജാവിന്റെ പുത്രനായ ആ അപരിചിതൻ സ്വഭാഗ്യം പരീക്ഷിക്കുവാൻ ടൎക്കിസ്ഥാനിൽനിന്നു് ഏകാകിയായി പുറപ്പെട്ടിരിക്കുകയായിരുന്നു. തന്നിമിത്തം ആ സ്വപ്നം തീരെ നിരൎത്ഥമാണെന്നു വിശ്വസിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. "ദൈവശക്തിക്കഥവാ ഭവനേസ്മിൻ നൈവ കവാടനിരോധമൊരേടം" എന്നാണല്ലോ ആപ്തവാക്യം. ഏതായാലും പൂൎവ്വാധികമായ ആശയോടും ദൈവവിശ്വാസത്തോടുംകൂടിയാണ് അടുത്ത പ്രഭാതത്തിൽ ആ വൈദേശികൻ 'ഘലസ്സി'യിലേയ്ക്കു തിരിച്ചു.

കണ്ടകാകീൎണ്ണവും ദുൎഗ്ഗമവും ആയ കാനനമദ്ധ്യത്തിൽക്കൂടി, രാജ്യം സ്വപ്നം കണ്ടുകൊണ്ടു സഞ്ചരിച്ചിരുന്ന ധീരയുവാവു് അവിചാരിതമായിട്ടു ചില ക്രൂരതസ്കരന്മാരുടെ മുൻപിലാണു ചെന്നുപെട്ടത്. പാട്ടുപാടി, പുകവലിച്ചുകൊണ്ടിരുന്ന അവരോടു നിഷ്കളങ്കനായ അപരിചിതൻ, 'ഘലസ്സിയിലേയ്ക്കുള്ള വഴിയേതാണ്? ഇവിടെനിന്നു് ഏകദേശം എത്രദൂരമുണ്ടു്?' എന്നു സൗമ്യമാണെങ്കിലും ധീരമായ സ്വരത്തിൽ ചോദിച്ചു. അതിലൊരാൾ അൎത്ഥഗൎഭമായ ഒരു മന്ദഹാസത്തോടുകൂടിയാണ് സമാധാനം പറഞ്ഞത്: "വഴി പറഞ്ഞുതരാം; പ്രതിഫലം തരുവാൻ ഭാണ്ഡത്തിലെന്തുണ്ടെന്നു നോക്കട്ടെ. അതു താഴെ വയ്ക്കൂ'.

'നിങ്ങൾ വനവാസികളായ ചോരന്മാരാണല്ലേ? സാധുക്കളായ പാന്ഥന്മാരെ പീഡിപ്പിക്കുക പതിവായിത്തീൎന്നിട്ടുള്ള നിങ്ങളുടെ ആനുകൂല്യത്തിനു ഞാനപേക്ഷിക്കുന്നില്ല. ആരെങ്കിലും അടുക്കുന്നപക്ഷം, ഓൎമ്മയിരിക്കട്ടെ, ഈ വാൾത്തല അക്രമികളുടെ നേരെ നിൎദ്ദയമാണ്' എന്നു പറഞ്ഞ് ആ യുവാവു വാൾ ഊരാൻ ഭാവിച്ചു. അപ്പോഴേയ്ക്കും ഒരു തസ്കരനെയ്തു അസ്ത്രം ആ കൈ തുളച്ചതിനാൽ അതിനു സാധിച്ചില്ല. അരണ്യമഹിഷങ്ങളെപ്പോലെ ഉഗ്രരൂപന്മാരായ ശത്രുക്കൾ ഉത്തരക്ഷണത്തിൽ അപരിചിതന്റെ കൈകൾ ദൃഢമായി ബന്ധിക്കുകയും ചെയ്തു.

പഥികന്റെ തോളിൽ തൂക്കിയിരുന്ന സഞ്ചിയിൽനിന്നു് ആഗ്രഹിച്ചിരുന്നതുപോലെ യാതൊന്നും ലഭിക്കാതിരുന്നതിനാൽ അവർ ഭഗ്നാശന്മാരായി; എന്നിട്ടും അദ്ദേഹത്തെ വെറുതേ വിട്ടില്ല. നാലഞ്ചുദിവസത്തിനകം ഒരരിക്കച്ചവടക്കാരനു് ആ ബലിഷ്ഠഗാത്രനെ വിററു. രാജ്യം അധീനമാകുമെന്നു പറഞ്ഞ സിദ്ധന്റെ വാക്കെവിടെ? ആകസ്മികമായി

നേരിട്ട ദാസ്യമെവിടെ? മനുഷ്യൻ ഒന്നു വിചാരിക്കുന്നു; സന്ദർഭം മറ്റൊന്നു വരുത്തുന്നു.

എന്നാൽ, ആപത്തു്, വരുവാനിരിക്കുന്ന ഭാഗ്യത്തിന്റെ നിഴലാണെന്ന പഴമൊഴി പ്രകൃതകഥാപുരുഷനെ സംബന്ധിച്ചിടത്തോളം പരമാർത്ഥമായിരുന്നു. വളരെ ദിവസം കഴിയുന്നതിനു മുൻപു വർത്തകന്റെ അടുക്കൽനിന്നു സുരൂപനും ദൃഢഗാത്രനും ആയ അടിമയെ ഖോറസാനിലെ ഗവർണ്ണറായിരുന്ന 'ആലുപ്ത്ത്' വിലയ്ക്കു വാങ്ങി. ആഭിജാത്യം സൂചിപ്പിക്കുന്ന ദാസന്റെ ആകൃതി ആരംഭത്തിൽതന്നെ വിക്രേതാവിന്റെ ശ്രദ്ധയ്ക്കു വിഷയമാകാതെയിരുന്നില്ല. കൃത്യനിർവ്വഹണത്തിലുള്ള ശ്രദ്ധകൊണ്ടു് അനായാസേന ആ യുവാവു യജമാനന്റെ സ്നേഹം സമാർജ്ജിച്ചതിനാൽ ഒരിക്കൽ അദ്ദേഹം ഭൃത്യന്റെ പൂർവ്വചരിത്രത്തെക്കുറിച്ചു സദയം ചോദിച്ചു. വിനീതനായ ആശ്രിതന്റെ സമാധാനത്തിൽനിന്നു്, രാജവംശജനാണു് ആ വിശ്വസ്തസേവകൻ എന്നു വ്യക്തമായതിനാൽ ഉന്നതമായ ഒരുദ്യോഗം ഉടനേതന്നെ കഥാനായകനു നൽകി. അതുവരെ വിരോധം ഭാവിച്ചിരുന്ന ഭാഗ്യദേവത തദനന്തരം സീമാതീതമായ പ്രേമത്തോടുകൂടി കടാക്ഷിച്ചുതുടങ്ങിയതിനാൽ, സാമന്തപ്രഭുക്കന്മാരുടെ ഇടയിൽതന്നെ അഗ്രിമസ്ഥാനം ലഭിക്കുവാൻ കാലവിളംബം നേരിട്ടില്ല.

യുദ്ധം അന്നു നിത്യസംഭവംതന്നെ ആയിരുന്നതുകൊണ്ടു് അചഞ്ചലമായ ധൈര്യവും, അനുപമമായ പരാക്രമവും പ്രദർശിപ്പിക്കുന്നതിനു് അനുകൂലമായ പല സന്ദർഭങ്ങൾ പുതിയ പ്രഭുസത്തമനു സിദ്ധിച്ചുകൊണ്ടിരുന്നു. ആലുപ്ത്തിജിൻതന്നെ അത്ഭുതാതിരേകത്തോടുകൂടി അദ്ദേഹത്തെ പ്രശംസിക്കുക പതിവായി. ഒടുവിൽ വീരകർമ്മത്തെ അഭിനന്ദിച്ചു് അദ്ദേഹം ആ യോധവര്യനെ പ്രധാനസേനാനായകനായി നിയമിച്ചതോടുകൂടി സാമന്തന്മാർക്കെല്ലാം അസൂയാവഹമായ ഒരു പദം സ്വാധീനമായി. നിയമനത്തിന്റെ ഔചിത്യം, അടിക്കടി ലഭിച്ചുകൊണ്ടിരുന്ന വിജയവും രാജ്യശ്രേയസ്സും വിശദമാക്കിയതിനാൽ പ്രജകൾക്കും, സൈനികന്മാർക്കും, സർവ്വോപരി, ഗവർണ്ണർക്കും ഉണ്ടായ ആഹ്ലാദത്തിനു് അളവുണ്ടായിരുന്നില്ല. 'അമീർ ഉൾ ഓമർ' എന്ന അഭിമാന്യമായ ബിരുദനാമത്താൽ പ്രഖ്യാതനായിത്തീർന്ന ആ വീരൻ പരിപന്ഥികൾക്കു ഭയങ്കരനും മിത്രങ്ങൾക്കു പ്രിയങ്കരനും ആയി പ്രശോഭിച്ചു.

ആലുപ്ത്തിജിന്റെ ഏകപുത്രിയും, യൗവനയുക്തയും, സൌന്ദര്യധാമവും ആയിരുന്ന 'സാഹിര', പല രാജാക്കന്മാരുടെയും ആഗ്രഹത്തിനും സങ്കല്പാരാധനത്തിനും അർഹയായിരുന്നെങ്കിലും, ആ മഹിളാരത്നം അവരെ എല്ലാം ഉപേക്ഷിച്ചു് അടിമത്തത്തിൽനിന്നു് ആധിപത്യത്തിലേയ്ക്കുയർന്ന കഥാപുരുഷന്റെ പത്നിപദത്തിനാണു് ആഗ്രഹിച്ചിരുന്നതു്.

ആഡംബരത്തേക്കാൾ ആണത്തത്തേയും, രാജ്യത്തേക്കാൾ മനോഗുണ ത്തേയും ആ മാന്യ മാനിച്ചിരുന്നു. സേനാപതിയുടെ അന്യാദൃശമായ ഗുണസമഗ്രത ഗ്രഹിച്ചിരുന്ന ഗവൎണ്ണരും പുത്രിയുടെ ഹിതത്തെ അനുമോദിച്ചതിനാൽ, അമിർ ഉൾ ഉമർ യഥാകാലം രാജകുഡുംബത്തിലെ ഒരംഗംതന്നെ ആയിത്തീൎന്നു. നവദമ്പതിമാരുടെ വിവാഹദിവസം 'ഖോറസാ'നിൽ മുഴുവൻ ഒരു മഹോത്സവം തന്നെയായിരുന്നു.

വിവാഹാനന്തരം വളരെമാസം കഴിയുന്നതിനു മുൻപുണ്ടായ ഒരപ്രതീക്ഷിതസംഭവം സിദ്ധന്റെ ദീൎഘദൎശനം സഫലമാകുവാൻ അനുകൂലമായ സന്ദൎഭം ഉണ്ടാക്കി. പേൎഷ്യയും അഫ്ഗാനിസ്ഥാനും കീഴടക്കി 'ബോക്കാറ'യിൽ വാണിരുന്ന പ്രതാപശാലിയായ 'അബ്ദുൾ മാലിക്' മരിച്ചതോടുകൂടി സിംഹാസനാരോഹണംചെയ്ത 'മാൻസുർ' എന്ന രാജാവു് ആലപ്തിജിന്റെ വൈരിയായിരുന്നതിനാൽ, 'ഖോറസാ'നിലെ ഗവൎണ്ണരുടെ സ്ഥാനത്തേയ്ക്കു മറെറാരു പ്രഭു നിയുക്തനായി. തൽഫലമായുണ്ടായ സമരത്തിൽ ജാമാതാവിന്റെ സഹായമില്ലായിരുന്നെങ്കിൽ, ആലപ്തിജിൻ വിജയിയാകുമായിരുന്നില്ല. ഏ. ഡി. 962-ൽ രാജാവിന്റെ അന്യായമായ ആജ്ഞയെ ഉല്ലംഘിച്ചു് അദ്ദേഹം 'ഘസ്നി' പിടിച്ചടക്കി അവിടെ സ്വതന്ത്രമായ ഒരു രാജ്യം സ്ഥാപിച്ചു. അമിർ ഉൾ ഉമാറിന്റെ അജയ്യമായ ബലിഷ്ഠഹസ്തം അദ്ദേഹത്തിനു് അവലംബമായിട്ടുണ്ടായിരുന്നതിനാൽ നടന്ന സമരത്തിലെല്ലാം രാജകീയസൈന്യമാണു പരാജിതമായതു്.

'ആലപ്തിജിൻ' പരലോകം പ്രാപിച്ചതിനുശേഷം, സിംഹാസനാരൂഢനായ 'അബുഇസാക്' വളരെക്കാലം ജീവിച്ചിരുന്നില്ല. രാജ്യാവകാശികളായി പിന്നെ രാജകുഡുംബത്തിൽ മററാരും ഇല്ലാതിരുന്നതുകൊണ്ടു് 'സാഹിര'യുടെ ഭൎത്താവും സൎവ്വഗുണസമ്പന്നനും ആയിരുന്ന കഥാനായകനെത്തന്നെയാണു പ്രഭുക്കന്മാർ രാജാവായിതിരഞ്ഞെടുത്തതു്. ഭയങ്കരമായ കാന്താരത്തിന്റെ മദ്ധ്യത്തിൽ അലഞ്ഞുനടന്നിരുന്നകാലത്തു കണ്ട ആ മധുരസ്വപ്നം ഏതാനും സംവത്സരത്തിനുശേഷം സത്യമായി പരിണമിച്ചു.

# പണ്ഡിത രമാബായി.

[ജി.]

സ്ത്രീകളെ ഗൃഹത്തിലെ ദേവതകളായിട്ടാണു് പുരാതനകാലത്തു ഭാരതീയർ ഗണിച്ചിരുന്നതു്. 'സ്ത്രീകളെ എവിടെ പൂജിക്കുന്നു, അവിടെ ദേവതമാർ നൃത്തം ചെയ്യുന്നു' എന്നാണു ധൎമ്മശാസ്ത്രവചനം. തന്നിമിത്തം അവൎക്കു ഗൃഹത്തിൽ മാന്യമായ സ്ഥാനവും യോഗ്യമായ സ്വാതന്ത്ര്യവും ആണു് ഉണ്ടായിരുന്നതും. ജ്ഞാനസമ്പാദനത്തിനു ആദിമകാലത്തു വനിതമാൎക്കു പ്രതിബന്ധം ഉണ്ടായിരുന്നില്ലെന്നു തെളിയിക്കുവാൻ വിശ്വാസാർഹങ്ങളായ ചരിത്രരേഖകൾക്കു ദൌർല്ലഭ്യമില്ല. മന്ത്രകൎത്രികളും കവയിത്രികളും പണ്ഡിതകളും സന്യാസിനികളും പ്രാചീനഭാരതത്തെ അലങ്കരിച്ചിരുന്നു. എന്നാൽ, വൈദേശികാക്രമണവും അന്യസംസ്കാരപ്രചരണവും, പൌരോഹിത്യപ്രാബല്യവും കൊണ്ടു കാലക്രമേണ സ്ത്രീകളുടെ നിലക്കു സാമാന്യമായ് ഒരധഃപതനം നിൎഭാഗ്യവശാൽ സംഭവിച്ചുപോയി. അവൎക്കു നഷ്ടമായ മാഹാത്മ്യം വീണ്ടെടുക്കുന്നതിനുതന്നെ സ്വജീവനാന്തം പ്രയത്നിച്ചുകൊണ്ടിരുന്ന പണ്ഡിത രമാബായിയുടെ ചരിത്രം നിത്യപാരായണത്തിനു വിഷയമാക്കേണ്ടതു നമ്മുടെ കൎത്തവ്യമത്രെ

പശ്ചിമപൎവ്വതപംക്തിയുടെ പ്രാന്തത്തിൽ, മാംഗളൂർ ഡിസ്ത്രിക്റ്റിലുള്ള 'മാൽഹെറംബി' (Malherambi) എന്ന ഗ്രാമത്തിൽ നിവസിച്ചിരുന്ന അനന്തശാസ്ത്രി എന്ന മഹാപണ്ഡിതനാണു് രമാബായിയുടെ പിതാവു്. മാമൂലുകളെ വകവയ്ക്കാതെ സ്വപത്നിയെ സംസ്കൃതം പഠിപ്പിക്കുന്നതിനു ശാസ്ത്രി ശ്രമിച്ചതിനാൽ, യാഥാസ്ഥിതികന്മാരായ ബന്ധുക്കളും സമീപസ്ഥന്മാരും കുപിതരായിത്തീൎന്നതുകൊണ്ടു്, അദ്ദേഹം സഹധൎമ്മിണിയോടുകൂടി തീൎത്ഥസഞ്ചാരത്തിനു പുറപ്പെട്ടുവത്രെ. വിദ്വദഗ്രേസരനായിരുന്ന അന്നത്തെ മൈസൂർ മഹാരാജാവു് ആ തീൎത്ഥചാരിയെ സബഹുമാനം സൽക്കരിച്ചു. ഏകദേശം പത്തുവൎഷം ശാസ്ത്രി ആ മഹാരാജാവിന്റെ ആഹ്ലാദപൂൎവ്വവും അസാമാന്യവും ആയ ഔദാൎയ്യത്താൽ ക്ലേശമറിയാതെ അവിടെ താമസിച്ചു. അനന്തരം കാശിക്കുപോയ ഒരു സന്ദൎഭത്തിൽ മാൎഗ്ഗക്ലമം നിമിത്തം അദ്ദേഹത്തിന്റെ പ്രേമഭാജനമായിരുന്ന മഹിളാരത്നം പരലോകം പ്രാപിച്ചു. ശാസ്ത്രിയുടെ ദ്വിതീയപത്നിയായ ലക്ഷ്മീബായിയുടെ കനിഷ്ഠപുത്രിയാണു് സുപ്രസിദ്ധയായ രമാബായി.

സാത്വികഹൃദയനായ ആ മഹാബ്രാഹ്മണൻ ദ്വിതീയ സഹധൎമ്മിണിയായ ബാലികയെ മാംഗളൂർ കൂട്ടിക്കൊണ്ടുവന്നു സംസ്കൃതം പഠിപ്പിച്ചുതുടങ്ങിയെന്നു മാത്രമല്ലാ, സ്ത്രീവിദ്യാഭ്യാസം ഹൈന്ദവശാസ്ത്ര

വിഹിതമാണെന്നുള്ള സ്വാഭിപ്രായം പ്രചരിപ്പിക്കുവാൻ യത്നിക്കുകയും ചെയ്തു. അതുനിമിത്തം ഗ്രാമവാസികളെല്ലാം ശാസ്ത്രിയെ ഉപദ്രവിക്കുവാൻ ആരംഭിച്ചതിനാൽ അദ്ദേഹം സ്വഗൃഹം ഉപേക്ഷിച്ച് 'ഗംഗാമൂലം' എന്ന വിജനസ്ഥലത്തിൽ താമസിച്ചുവന്നു. അന്ധകാരനിബിഡമായ അർദ്ധരാത്രിസമയത്ത്, നക്ഷത്രരാജിതമായ ആകാശമണ്ഡലം മേൽപുരയാക്കി, വന്യജന്തുക്കളുടെ ഭയങ്കരനാദം കേട്ടു നടുങ്ങിക്കഴിഞ്ഞുകൂടിയിരുന്ന ആ ദമ്പതിമാരുടെ ഏകാന്തജീവിതം എത്ര ക്ലേശബഹുലം ആയിരിക്കണം!

എന്നാൽ അല്പകാലത്തിനിടയ്ക്ക് അനേകം ജിജ്ഞാസുക്കൾ ശാസ്ത്രിയെ അന്വേഷിച്ച് അവിടെ എത്തുകയും ശിഷ്യന്മാരായി കൂടുകയും ചെയ്തതിനാൽ, വിജനമായ വിപിനത്തിൽ വിശ്രുതമായ ഒരു വേദാന്തവിദ്യാലയം തന്നെ ഉണ്ടായി. ഭാരതഖണ്ഡത്തിന്റെ നാനാഭാഗത്തുനിന്നും ആ സ്ഥലത്ത് അനേകം വിദ്യാതല്പരന്മാർ ചെന്നുചേർന്നു. പക്ഷേ, സന്യാസിസദൃശനായ ശാസ്ത്രിക്കു ധനകാര്യത്തിലുണ്ടായിരുന്ന അശ്രദ്ധനിമിത്തം പന്ത്രണ്ടുവർഷം കഴിഞ്ഞപ്പോഴേയ്ക്കും സർവ്വസ്വവും ഉപേക്ഷിച്ച് വീണ്ടും സകുടുംബം തീർത്ഥാടനം ചെയ്യേണ്ടതായിവന്നു. ആ ഘട്ടത്തിൽ രമാബായി കേവലം ബാലികയായിരുന്നെങ്കിലും സംസ്കൃതത്തിൽ അസാമാന്യജ്ഞാനം സാമാജ്ജിച്ചിരുന്നുവത്രെ.

ദാരിദ്ര്യനിമഗ്നമായിരുന്നെങ്കിലും, ശാസ്ത്രിയുടെ കുടുംബത്തിനു സാമാന്യേതരമായ സഹനശക്തി ഉണ്ടായിരുന്നുവെന്നുവേണം പറയുവാൻ. യാചിക്കാതെ ലഭിക്കുന്ന ഭിക്ഷകൊണ്ട് ഉപജീവനം കഴിച്ച് അവർ പല ദിക്കുകളിലും സഞ്ചരിച്ചു. ക്ഷേത്രമണ്ഡപങ്ങളിലും, നദീതടങ്ങളിലും അശ്വത്ഥച്ഛായകളിലും ഇരുന്ന് സുമധുരമായ സ്വരത്തിൽ പുരാണപാരായണം ചെയ്തിരുന്ന രമാബായിയേയും, അവളുടെ മാതാപിതാക്കന്മാരേയും, അഗ്രജനേയും പല ഭക്തന്മാരും സന്ദർശിക്കുകയും യഥാശക്തി ഭിക്ഷനൽകുകയും പതിവായിരുന്നു.

1879-ൽ മദിരാശിയിൽ ക്ഷാമം മൂർദ്ധന്യാവസ്ഥയിലെത്തിയതിനാൽ, ഭിക്ഷാടനംചെയ്തു സഞ്ചരിച്ചിരുന്ന അനന്തശാസ്ത്രിക്കും കുടുംബത്തിനും കേവലം പട്ടിണിതന്നെ ശരണമായിത്തീർന്നു. പച്ചവെള്ളം കുടിച്ചും പച്ചില അശിച്ചും പതിനൊന്നുദിവസത്തിൽപരം കഴിച്ചുകൂട്ടിയ ബ്രാഹ്മണപുംഗവൻ ഉടനേ പരലോകം പ്രാപിച്ചു. വളരെ ദിവസം കഴിയുന്നതിനു മുൻപുതന്നെ സതീരത്നമായ ലക്ഷ്മീബായിയും മൃത്യുവശഗയായി. അന്നു രമാദേവിക്കു പതിനാറു വയസ്സിലധികം പ്രായമായിരുന്നില്ലെങ്കിലും, അന്യസഹായം അലഭ്യമായതിനാൽ, മാതാപിതാക്കന്മാ

രുടെ മൃതശരീരങ്ങൾ ശ്മശാനത്തിലേയ്ക്കു കൊണ്ടുപോകുവാൻ അഗ്രജനെ സഹായിക്കുവാനുള്ള ധൈര്യം പ്രദർശിപ്പിച്ചു.

അശരണരായ രമാബായിയും ഭ്രാതാവും ഉത്തരഭാരതത്തിലേയ്ക്കാണു് അനന്തരം യാത്രയായതു്. ആ സഞ്ചാരകാലത്തു് അവർ അനുഭവിച്ചിട്ടുള്ള വിവിധങ്ങളായ കഷ്ടപ്പാടുകളുടെ ദുസ്സഹത സൂചിപ്പിക്കുന്ന ഒരു സംഭവം മാത്രം ഇവിടെ പ്രസ്താവിക്കാം. പഞ്ചനദത്തിലെ ഒരു നദിയുടെ തീരത്തു്, ദാരിദ്ര്യപീഡിതരും നിസ്സഹായരും ആയ ആ സോദരീസോദരന്മാൎക്കു് ഒരു ശിശിരരാത്രി കഴിച്ചുകൂട്ടേണ്ടിവന്നു. തദവസരത്തിൽ മരംകോച്ചുന്ന തണുപ്പു സഹിക്കുവാൻ, ഒരു പുതപ്പുകൂടിയില്ലാതിരുന്ന അവർ മുഖമല്ലാത്ത ഭാഗം മുഴുവൻ മൂടത്തക്കവണ്ണം സൈകതത്തിൽ കുഴികളുണ്ടാക്കി ഇറങ്ങിയിരിക്കുകയാണത്രേ ചെയ്തതു്. ഈദൃശങ്ങളായ എത്രയെത്ര ക്ലേശങ്ങളാണു് ആ തീൎത്ഥചാരികളെ വിഷമിപ്പിച്ചിരുന്നതു്! എന്നിട്ടും, ദൈവത്തെ ശകാരിക്കാതെ ജ്ഞാനസമ്പാദനത്തിനും പുണ്യാൎജ്ജനത്തിനുംവേണ്ടി രമാബായിയും ശ്രീനിവാസനും പല സ്ഥലങ്ങളും സന്ദർശിച്ചു സഞ്ചരിച്ചുകൊണ്ടിരുന്നു.

തീൎത്ഥചാരികളായ ആ സോദരീസോദരന്മാർ പിതൃമരണാനന്തരം നാലുകൊല്ലം അങ്ങുമിങ്ങും അലഞ്ഞുനടന്നു് ഒടുവിൽ പ്രസിദ്ധനഗരമായ കൽക്കട്ടയിൽ എത്തി. ഭാഗവതപുരാണം ആദിമുതൽ അവസാനംവരെ ഗ്രന്ഥസഹായം കൂടാതെ ചൊല്ലുവാനും സുവിശദമായി വ്യാഖ്യാനിക്കുവാനും ശക്തയായിരുന്ന രമാബായി ആ പ്രദേശത്തെ മഹാപണ്ഡിതന്മാരുടെ അത്ഭുതസമ്മിളിതമായ ബഹുമാനത്തിനു് അചിരേണ പാത്രമായിത്തീൎന്നു. മഹാരാജജ്യോതീന്ദ്രമോഹനടാഗോർ മുതലായ മഹാവിദ്വാന്മാരും സൎവ്വകലാശാലയിലെ ചില പ്രാസംഗികന്മാരും സരസ്വതീദേവിയുടെ അവതാരമെന്നു പ്രശംസിക്കുകയുണ്ടായിട്ടുണ്ടത്രെ. അവിടത്തെ വിദ്വജ്ജനസദസ്സിൽ വച്ചാണു് രമാബായിക്കു 'പണ്ഡിത' എന്ന ബഹുമാന്യബിരുദം സിദ്ധിച്ചതു്.

രമയുടെ ഭാഗ്യം തെളിഞ്ഞെങ്കിലും പിന്നെയും ആപത്തൊഴിഞ്ഞില്ല. വിപത്തിലും സമ്പത്തിലും ഒരുമിച്ചുതന്നെ കാലക്ഷേപം ചെയ്തിരുന്ന അഗ്രജൻ ഉടനേതന്നെ നിര്യാതനായി. ഭ്രാതൃവിയോഗംകൂടി സംഭവിച്ചപ്പോൾ ഏകാകിനിയായ ആ യുവതിക്കു ജീവിതംതന്നെ ദുർഭരമായിത്തോന്നിത്തുടങ്ങിയതിൽ വിസ്മയിക്കുവാനുണ്ടോ? ദുസ്സഹമായ ദുഃഖത്തിനു് അല്പം ഉപശമനമുണ്ടാകുമെന്നു വിചാരിച്ചു്, സഹോദരന്റെ ആത്മമിത്രമായിരുന്ന ഒരു ബംഗാളിബ്രാഹ്മണയുവാവിനെ രമാബായി ഭൎത്താവായി സ്വീകരിച്ചെങ്കിലും, രണ്ടുവൎഷം തികയുന്നതിനുമുൻപു ഗുണശാലിയായ അദ്ദേഹവും പരലോകം പ്രാപിച്ചു. കേവലം ശിശുവായ മനോര

മാബായി മാത്രമാണു് ആ മാതാവിനു പിന്നെ ആനന്ദിക്കുവാൻ അവശേഷിച്ചതു്.

ജീവിതാവശേഷം മുഴുവൻ സ്ത്രീജനങ്ങളുടെ അഭ്യുദയത്തിനുവേണ്ടി, ലോകാപവാദത്തേയും ക്ലേശത്തേയും തൃണവൽഗണിച്ച്, യത്നിക്കുന്നതിനാണു് പണ്ഡിത രമാബായി തീർച്ചയാക്കിയതു്. ബാല്യത്തിൽത്തന്നെ വൈധവ്യം നേരിടുന്ന നിർഭാഗ്യവതികൾ ദുഃഖമയങ്ങളായ വിചാരങ്ങളെ ലാളിച്ചുകൊണ്ടു് ആയുഷ്കാലം അവസാനിപ്പിക്കണമെന്നു സിദ്ധാന്തിക്കുന്ന ക്രൂരമായ ആചാരത്തെ ആ സാദ്ധ്വി ശക്തിപൂർവ്വം എതിർത്തു. തന്റെ സാമുദായികമായ പ്രവർത്തനത്തിന് അനുകൂലമായ രംഗം പൂനയായിരിക്കുമെന്നു കരുതി ആ മാന്യ ഉടനേതന്നെ പശ്ചിമതീരത്തേക്കു പുറപ്പെട്ടു. സ്വാധീനശക്തിയും, ധനവും ഇല്ലെന്നുള്ള വിചാരം രമയെ അധീരയാക്കിയില്ല. നിഷ്കാമമായിട്ടു യഥാശക്തി കർത്തവ്യമനുഷ്ഠിക്കണമെന്നുമാത്രം ആഗ്രഹിച്ച് പൂനയിൽ എത്തിയ ആ മഹിളാരത്നം മഹാദേവഗോവിന്ദറാനഡെയുടേയും പത്നിയുടേയും സഹായത്തോടുകൂടി ഉദ്ദേശനിർവ്വഹണാർത്ഥം അവിടെ 'ആര്യമഹിളാസമാജം' സ്ഥാപിച്ചു. അത്ഭുതാവഹമായ വാഗ്മിത്വവും, നിഷ്കളങ്കമായ ഉദ്ദേശശുദ്ധിയും കൊണ്ടു് പലരുടേയും ആനുകൂല്യം സമ്പാദിക്കുവാൻ രമാബായിക്കു വലിയ പ്രയാസം നേരിട്ടില്ല; എങ്കിലും ആഗ്രഹിച്ചിരുന്നതുപോലെ പ്രയത്നം സഫലമായോ എന്നു സംശയമാണു്. 1883-ൽ ധനദൗർല്ലഭ്യം നിമിത്തം കൃത്യവിഘാതം സംഭവിക്കുമെന്നു കണ്ടു് ആ ന്യൂനത പരിഹരിക്കുവാൻ ഇംഗ്ലണ്ടിലെ മഹതിമഹാന്മാരുടെ സാഹായ്യം അർത്ഥിക്കുന്നതിന് ആ സ്വാർത്ഥരഹിത അങ്ങോട്ടു പുറപ്പെട്ടു. പരോപകാരപരമായ സാമുദായികജീവിതത്തിന് അത്യാവശ്യമായ പരിശീലനം നേടുവാനും ആ യാത്ര അത്യന്തം ഉപകരിച്ചുവെന്നു പറയാം.

1886-ൽ വിശ്വവിശ്രുതയായ രമാബായി അമേരിക്കയിലേക്കു ക്ഷണിക്കപ്പെട്ടു. യുവജനങ്ങളുടെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചു വിപുലമായ ജ്ഞാനം ഉപാർജ്ജിക്കുന്നതിനും ഭാരതസ്ത്രീകളുടെ അസ്വാതന്ത്ര്യത്തിലേക്കു തദ്ദേശവാസികളുടെ ഉദാരമായ ശ്രദ്ധയെ ആവർജ്ജിക്കുവാനും ആ സ്ത്രീരത്നത്തിന് അവിടെ സൗകര്യം ലഭിക്കാതിരുന്നില്ല. വിധവകളായ ബാലികകളെ വിദ്യ അഭ്യസിപ്പിക്കുന്നതിന് ഒരു സ്ഥാപനം തുടങ്ങിയാൽ ധനസഹായം ചെയ്യുവാൻ പല മഹതിമഹാന്മാരും സന്നദ്ധരാണെന്നു ബോധപ്പെട്ടതുകൊണ്ടു് മനസ്സമാധാനത്തോടുകൂടി ആ സമുദായസേവിനി വീണ്ടും മാതൃരാജ്യത്തിൽ തിരിച്ചെത്തി.

ബോംബേ നഗരമാണു് പ്രവർത്തനകേന്ദ്രമായിട്ടു് ആ മഹതി തിരഞ്ഞെടുത്തതു്. ആരംഭത്തിൽ അനേകം ഹൈന്ദവനേതാക്കളുടെ

സഹായ സഹകരണങ്ങൾ സിദ്ധിച്ചിരുന്നെങ്കിലും രമാബായി ക്രൈസ്തവമതം അംഗീകരിച്ചതു നിമിത്തം അവർ ക്രമേണ തദ്വിഷയത്തിൽ വിമുഖരായിത്തീൎന്നു. എന്നാൽ, ശത്രുക്കൾപോലും ആ മാന്യവനിതായുടെ മഹനീയമായ ഉദ്ദേശശുദ്ധിയെയോ സമുദായസേവാതല്പരതയേയോ കുറിച്ചു സംശയിച്ചിട്ടില്ല.

1890-ൽ വിധവാവിദ്യാലയം പൂനയിലേയ്ക്കു മാററുന്നതായാൽ, ചെലവു ചുരുക്കാമെന്നും ആ സ്ഥലം കൂറേക്കൂടി ആരോഗ്യപ്രദമാണെന്നും രമാബായി നിശ്ചയിച്ചു. പതിനെട്ടു വൈധവ്യബാധിതകൾ അക്കാലത്തു ആ മഹതിയുടെ കൂടെത്തന്നെ താമസിച്ചിരുന്നുവത്രെ. സാമുദായികവും സാമ്പത്തികവും ആയ വൈഷമ്യങ്ങൾ ദുർഭരമായിത്തോന്നിയതിനാൽ അല്പകാലം ആ മാന്യ ആരും അറിയാതെ 'ഗംഗാമൂല'ത്തിൽ ചെന്നു വിശ്രമിക്കുകയും പിതാവായ അനന്തശാസ്ത്രി ഭക്തിപരങ്ങളായ ഭാഷണങ്ങളാൽ പവിത്രമാക്കിയ ആ പ്രദേശത്തെ സൈ്വരവാസത്താൽ അസ്വസ്ഥഹൃദയം സമാധാനപൂൎണ്ണമാക്കുകയും ചെയ്തു. പിന്നീടു് പൂനയിൽ വന്നതു് അപൂൎണ്ണമായി കിടക്കുന്ന സ്വകൃത്യത്തെ പരിപൂൎണ്ണമാക്കുവാനുള്ള അചഞ്ചലധൈൎയ്യത്തോടുകൂടിത്തന്നെയായിരുന്നു.

1896-ൽ ഭാരതമദ്ധ്യദേശങ്ങൾ ഭയങ്കരമായ ക്ഷാമത്താൽ ആക്രാന്തമായപ്പോൾ, എത്ര സ്ത്രീകളെയാണു ആ ദയാവതി സഹായിച്ചതും സംരക്ഷിച്ചതും.

1898 ൽ പണ്ഡിത വീണ്ടും അമേരിക്കയിലേയ്ക്കു പോവുകയും ബോസ്റ്റൺ നഗരത്തിൽനിന്നു സ്ത്രീജനോദ്ധാരണത്തിനുവേണ്ടി തനിക്കു് അയച്ചിരുന്ന ധനത്തിന്റെ സഫലമായ വ്യയത്തിന്റെ സ്വഭാവം തദ്ദേശീയരെ ഗ്രഹിപ്പിക്കുകയും ചെയ്തു. അനന്തരം ചാരിതാൎത്ഥ്യത്തോടുകൂടി ഇൻഡ്യയിൽ തിരിച്ചെത്തി; പൂനയിൽനിന്നു കുറെ ദൂരെ പ്രശാന്തമായ ഒരു ഗ്രാമത്തിലേയ്ക്കു സ്വവസതി മാററുകയും അതിനു 'മുക്തി' എന്നു നാമകരണം ചെയ്തു സ്വജീവിതോദ്ദേശസാദ്ധ്യത്തിനുവേണ്ടി അവിടെ താമസിച്ചു് ആമരണം യത്നിക്കുകയും ചെയ്തു. ഏകദേശം പതിനൊന്നു വൎഷത്തിനു മുൻപു് പരലോകം പ്രാപിച്ചെങ്കിലും ആ പുണ്യചരിതയുടെ ജീവിതം ഭാരതീയക്കു് എന്നും അനുകരണീയമായിത്തന്നെ ഇരിക്കും.

# ശാസ്ത്രവിജയം.

[ ജി. ]

**കഴിഞ്ഞ** ശതാബ്ദം, ഇന്ദ്രജാലത്തെപ്പോലെ വിസ്മയപ്രദങ്ങളും ശാസ്ത്രീയങ്ങളും ആയ കണ്ടുപിടുത്തങ്ങളുടെ കാലമാകയാൽ പരിഷ്കാര ചരിത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനം അർഹിക്കുന്നു. വിദ്യുച്ഛക്തിയുടെ ആവിഷ്കരണത്തോടുകൂടി കേവലം അസാദ്ധ്യമാണെന്നു വിശ്വസിച്ചിരുന്ന പലതും സുസാദ്ധ്യമായിത്തീർന്നിട്ടുണ്ട്. എന്നാൽ അതിലെല്ലാം സർവ്വഥാ പ്രാധാന്യം നൽകേണ്ടതു് 'വാർത്താനിവേദന'ത്തിനുണ്ടായിട്ടുള്ള സൌകര്യത്തിനാണെന്നു നിർവ്വിവാദം പറയാം. 'ദൂരശ്രവണയന്ത്രം' 'കമ്പിത്തപാൽ' 'കമ്പിയില്ലാക്കമ്പി' ഈ നവീനശാസ്ത്രസന്താനങ്ങൾ 'വാർത്താനിവേദന'ത്തിനു ഗണ്യമായ പ്രതിബന്ധമായിരുന്ന ദൂരത്തേയും കാലത്തേയും പരാജിതമാക്കിയിരിക്കുന്നു. തന്നിമിത്തം ഭൂഗോളത്തിലെ വിദൂരപ്രദേശങ്ങൾ തമ്മിൽ ഇപ്പോൾ അത്യന്തം അടുത്തിട്ടുണ്ടെന്നു് ആലങ്കാരികഭാഷയിൽ പ്രസ്താവിച്ചാൽ അസംഗതമാവുകയില്ല.

നാം സംസാരിക്കുമ്പോൾ സമീപസ്ഥനായ ഒരാൾ ശ്രവിക്കുന്നതു് എങ്ങനെയാണു്? വക്താവിൻെറ ശ്വാസകോശത്തിൽനിന്നു കണ്ഠനാളത്തിൽകൂടി വദനദ്വാരാ ബഹിർഗ്ഗമിക്കുന്ന വായുനിമിത്തം സംജാതമാകുന്ന ശബ്ദതരംഗം വായുമണ്ഡലത്തിൽകൂടി സഞ്ചരിച്ചു ശ്രോതാവിൻെറ 'കർണ്ണഭേരി'യിൽ അലയ്ക്കുന്നു. വക്താവിനും ശ്രോതാവിനും മദ്ധ്യത്തിൽ വായുവില്ലായിരുന്നെങ്കിൽ ഒരിക്കലും ശബ്ദം ശ്രവണഗോചരമാവുമായിരുന്നില്ല.

മനുഷ്യമുഖത്തുനിന്നു നിർഗ്ഗമിക്കുന്ന ശബ്ദതരംഗത്തിനു് അന്തരിക്ഷത്തിൽകൂടി വളരെ ദൂരം പോകുവാൻ കഴിയാത്തതിനാലാണു് വിദൂരസ്ഥനായ അന്യനെ ശ്രവിപ്പിക്കുവാൻ സാധിക്കാത്തതു്. വിദ്യുച്ഛക്തി പ്രസരിക്കത്തക്കവണ്ണം നിബന്ധിച്ചിട്ടുള്ള ഒരു കമ്പിയിൽകൂടി നാദവീചിയെ വിദൂരസ്ഥലത്തും എത്തിക്കുക സുസാധമാണെന്നു ശാസ്ത്രജ്ഞന്മാർ പരീക്ഷണനിരീക്ഷണങ്ങൾ വെളിപ്പെടുത്തിയതിൻെറ സർവ്വാനുഗ്രഹപ്രദമായ ഫലമത്രെ ദൂരശ്രവണയന്ത്രം. വൈദ്യുതപ്രവാഹം സഞ്ചരിക്കുന്ന ലോഹശലാകയുടെ ഒരററത്തു സംസാരിക്കുവാനും അന്യാഗ്രത്തിൽ ശബ്ദതരംഗം സ്വീകരിക്കുവാനും ഉള്ള ഓരോ കുഴൽ ഘടിപ്പിച്ചിരിക്കും. സംഭാഷണം ചെയ്യുമ്പോൾ, ആദ്യത്തെ കുഴലിൽ വച്ചിരിക്കുന്ന 'അംഗാരകപാത്ര' (carbondisc)ത്തിലുണ്ടാകുന്ന ചലനങ്ങളാൽ കമ്പിയിൽകൂടിയുള്ള വിദ്യുച്ഛക്തിപ്രവാഹത്തിൽ സത്വരമായ ഗതിഭേദങ്ങൾ സംജാതമാകുന്ന

താണ്. തന്നിമിത്തം, ശ്രോതാവിന്റെ കൎണ്ണപുടത്തിനു സമീപം വയ്ക്കുന്ന കുഴലിലെ നേരിയ ലോഹക്കിണ്ണത്തിന്മേൽ അനുരണനം ഉണ്ടാകുന്നു. അതിനാൽ വക്താവിന്റെ സംവാദം അതേസ്വരത്തിൽ തന്നെ അന്യൻ തൽക്ഷണം ശ്രവിക്കുകയും ചെയ്യുന്നു.

പരിഷ്കാരരംഗങ്ങളായ പാശ്ചാത്യ നഗരങ്ങളിൽ ദൂരശ്രവണയന്ത്രം അപരിത്യാജ്യമായ കരാവശ്യമായിട്ടാണു തീൎന്നിരിക്കുന്നത്. ഓരോ ഭവനങ്ങൾ 'വൈദ്യുതതന്ത്രി'കളാൽ ഘടിപ്പിക്കുന്നതു് അസൌകൎയ്യമാകയാൽ എല്ലാ ദിക്കിൽ നിന്നും വരുന്നവയെ ഒരു കേന്ദ്രത്തിലുള്ള ആപ്പീസിൽ നിബന്ധിച്ചിരിക്കുകയാകുന്നു. വക്താവിന്റെ ഇച്ഛയനുസരിച്ച് ഏതു 'നിവേദകതന്ത്രി'യെങ്കിലും മറ്റൊന്നിനോടു ബന്ധിപ്പിച്ചുകൊടുക്കുവാൻ ഉള്ള ഏൎപ്പാടുകൾ ആ 'കേന്ദ്രശാല'യിൽ ഉണ്ടായിരിക്കും. ഒരു പ്രദേശത്തിലുള്ള മന്ദിരങ്ങൾ മാത്രമല്ല വിദൂരസ്ഥിതങ്ങളായ അനേകം പട്ടണങ്ങളെത്തന്നെ ഇങ്ങനെ വാൎത്താനിവേദനസൌകൎയ്യംകൊണ്ടു ഘടിപ്പിക്കുവാൻ പ്രയാസമില്ല. ഭാരതസാമ്രാജ്യത്തിലെ ആധുനികരാജധാനിയായ ഡൽഹിയോട്, കൽക്കട്ട, ബോംബേ, ലാഹൂർ മുതലായ പ്രധാന സ്ഥലങ്ങൾ ദൂരശ്രവണയന്ത്രത്താൽ സംയോജിപ്പിച്ചിട്ടുണ്ട്.

പ്രസ്തുത യന്ത്രത്തിന്റെ നിൎമ്മാണത്താൽ ലോകത്തിന്റെ നിത്യകൃതജ്ഞതയ്ക്കു പാത്രമായിത്തീൎന്ന ബെൽ എന്ന ശാസ്ത്രജ്ഞന്റെ നാമധേയം പരിഷ്കാരചരിത്രത്തിൽ പ്രത്യേകം സ്മരണീയമാകുന്നു. അദ്ദേഹം അമേരിക്കയിൽവെച്ചാണു തദ്വിഷയകമായ പരിശ്രമം മിക്കവാറും നടത്തിയതെങ്കിലും ഉടൻതന്നെ അതിന്റെ പ്രയോജനം ആംഗലജനത മനസ്സിലാക്കി. 1876-ൽ ദൂരശ്രവണയന്ത്രത്തിൽകൂടി സംഭാഷണം നടത്തുവാനുള്ള ഭാഗ്യം ഇംഗ്ലണ്ടിലെ ജനങ്ങൾക്കു സിദ്ധിച്ചു.

എന്നാൽ, പ്രസ്തുതയന്ത്രത്തിന്റെ സാഹായ്യത്തോടുകൂടി സംഭാഷണം നടത്തണമെങ്കിൽ വേണ്ടിവരുന്ന ധനവ്യയം സാധാരണജനങ്ങൾക്കു ദുൎവ്വഹമാവുകയാൽ, അഗ്രജന്മാവായ കമ്പിത്തപാലിനു തന്നെയാണു സാൎവ്വത്രികമായ പ്രചാരം. അതിൽകൂടി ദ്വാദശപദിയായ ഒരു സന്ദേശം അയക്കുന്നതിനു പന്ത്രണ്ടണയോളം വ്യയം ചെയ്യേണ്ടിവരുന്നുള്ളു. വക്താവിന്റെ ശബ്ദം ശ്രോതാവിനു ശ്രവണഗോചരമാവുകയില്ലെന്നുമാത്രമല്ലാതെ മറ്റൊരു ന്യൂനതയും അതിനില്ല.

ശബ്ദത്തെ സൂചിപ്പിക്കുന്ന സങ്കേതങ്ങളായ ലിപിവിശേഷങ്ങൾ പരിഷ്കൃതഭാഷ സംസാരിക്കുകയും ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്യുന്നവൎക്കു പരിചിതങ്ങളായിരിക്കുമല്ലോ. 'കമ്പിത്തപാൽ' വഴി സന്ദേശങ്ങൾ അയയ്ക്കുന്നതു കൃത്രിമങ്ങളും നിശ്ചിതങ്ങളും ആയ ചില സങ്കേതങ്ങളാലത്രെ. വിദ്യുച്ഛക്തി ഇച്ഛാനുസാരം പ്രസരിപ്പിക്കുകയും പ്രതിരോ

ധിക്കുകയും ചെയ്യാവുന്ന വിധത്തിൽ നിബന്ധിച്ചിട്ടുള്ള കമ്പികളാൽ വിദൂരസ്ഥലങ്ങളെ സംയോജിപ്പിച്ചിരിക്കുന്നു. പ്രത്യേകം പരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഒരോ ആഫീസിലും നിയുക്തരായിരിക്കുന്നതിനാൽ സന്ദേശങ്ങൾ അയയ്ക്കുന്നതിന് അസൌകര്യം ഇല്ല. കമ്പിയടിക്കുന്ന സമയത്തു 'ടക്' 'ടക്' എന്ന ശബ്ദം കേൾക്കുക പതിവാണല്ലോ. ആ ധ്വനികൾക്കു് ഇടയ്ക്കുള്ള സമയത്തിന്റെ ഹ്രസ്വതയും ദീർഘതയും അനുസരിച്ചുള്ള ചില സങ്കേതങ്ങളാലാണ് അക്ഷരങ്ങൾ ഗ്രഹിക്കേണ്ടതു്. സന്ദേശം സ്വീകരിക്കുന്ന സ്ഥലത്തെ ഉദ്യോഗസ്ഥനു് അവ സുപരിചിതങ്ങളാകയാൽ പകർത്തുക സുകരമാകുന്നു. സമയം ദീർഘമാണെങ്കിൽ 'രേഖ'കൊണ്ടും ഹ്രസ്വമാണെങ്കിൽ 'ബിന്ദു' കൊണ്ടും കുറിക്കാം. .— ഈ ചിഹ്നം 'a' എന്ന ലിപിയെ സൂചിപ്പിക്കുന്നു. '—.' ഈ സങ്കേതം 'n' എന്നതിനെയാണു കാണിക്കുന്നതു്. 'മോഴ്സ്' എന്നു പ്രസിദ്ധനായ അമേരിക്കക്കാരനാണു കമ്പിത്തപാലിനു് ഉതകുന്ന ഈ സമ്പ്രദായം കണ്ടുപിടിച്ചു്, വാർത്താനിവേദനവിഷയത്തിൽ അത്ഭുതാവഹമായ സൌകര്യം ഉണ്ടാക്കിയ മഹാൻ. പരിഷ്കൃതരീതിയിൽ നിർമ്മിച്ചിട്ടുള്ള കമ്പിത്തപാൽ യന്ത്രം സന്ദേശത്തെ മേൽസൂചിപ്പിച്ച സങ്കേതങ്ങളുടേയോ ശരിയായ വാക്കുകളുടേയോ രൂപത്തിൽ പത്രഖണ്ഡത്തിൽ സ്വയം രേഖപ്പെടുത്തുവാൻപോലും ശക്തമാകുന്നു. ഏതാനും നിമിഷത്തിനിടയ്ക്കു് അനേകശതം നാഴിക അകലത്തിൽ താമസിക്കുന്ന ഒരു സുഹൃത്തിനെ അതിപ്രധാനമായ ഒരു സംഭവം ഗ്രഹിപ്പിക്കുവാൻ കഴിയുമെന്നും ചെറിയൊരു സന്ദേശം അയയ്ക്കുന്നതിനു പന്ത്രണ്ടണ മതിയാകുമെന്നും നൂറൻപതു വർഷത്തിനു മുൻപു സ്വപ്നത്തിൽപോലും ആരും കരുതിയിട്ടുണ്ടാവുകയില്ല!

പത്തൊൻപതാം ശതാബ്ദത്തിന്റെ ചരമദശയിൽ, 'മാർക്കോണി' എന്ന അനുഗൃഹീതനാമാവായ ശാസ്ത്രജ്ഞൻ കമ്പികൂടാതെ തന്നെ വാർത്താനിവേദനം സുകരമാക്കാമെന്നു പ്രസ്താവിച്ചപ്പോൾ ലോകം വിസ്മയസ്തബ്ധമായി. ശൂന്യമായ അന്തരീക്ഷത്തിൽകൂടി യന്ത്രത്തിൽനിന്നു നാനാഭാഗത്തേയ്ക്കും മനോജവത്തിൽ വൈദ്യുതകാന്തവീചി പ്രസരിപ്പിക്കാമെന്നു് അദ്ദേഹം ചിരപരീക്ഷണവും സ്ഥിരപരിശ്രമവുംകൊണ്ടു മനസ്സിലാക്കി. ബഹുസഹസ്രം നാഴിക അകലെ സ്ഥാപിച്ചിട്ടുള്ള 'ആകാശക്കമ്പികളിൽ തന്നിമിത്തമുണ്ടാകുന്ന ചലനത്തെ 'മോഴ്സി'ന്റെ സിദ്ധാന്തമനുസരിച്ചു രേഖപ്പെടുത്തുക സുസാദ്ധ്യമാണെന്നു് ആ ബുദ്ധിമാൻ വിവാദാർഹമല്ലാത്ത വിധത്തിൽ സ്ഥാപിച്ചു. കമ്പിത്തപാലിന്റെ ഉൽകൃഷ്ടപരിണാമമായ 'കമ്പിയില്ലാക്കമ്പി' കാലത്തേയും ദൂരത്തേയും ജയിക്കുവാൻ ശാസ്ത്രം ചെയ്യു അശ്രാന്തയത്നത്തിന്റെ ശാശ്വതവിജയമാണു വിളംബരം ചെയ്യുന്നതു്.

1896-ൽ മാർക്കോണി ഇംഗ്ലണ്ടിൽവച്ചു ഏതദ്വിഷയമായി പരീക്ഷണാർത്ഥം നടത്തിയ പ്രവൃത്തി സഫലമായി. തജ്ജന്യമായ അത്യുത്സാഹം അടങ്ങിയിരിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. മൂന്നുവർഷം നടത്തിയ നിരന്തരപ്രയത്നത്തിന്റെ ഫലമായിട്ടു ഇംഗ്ലണ്ടിൽനിന്നു ഫ്രാൻസിലേയ്ക്കും സമുദ്രമദ്ധ്യസ്ഥിതങ്ങളായ യാനപാത്രങ്ങളിലേയ്ക്കും കമ്പിയില്ലാതെതന്നെ സന്ദേശമയയ്ക്കാമെന്നു മാർക്കോണി തെളിയിച്ചു. 1101-ലാണ് അമേരിക്കയിലേയ്ക്കു് ആംഗലദേശത്തുനിന്നു വാർത്താവിതരണം ചെയ്യുവാൻ തന്റെ സിദ്ധാന്തം അനുസരിച്ചുതന്നെ പ്രയാസമില്ലെന്നു അദ്ദേഹം അനുഭവപ്പെടുത്തിയതു്. ഇപ്പോൾ കരയിൽനിന്നു പരസ്സഹസ്രം നാഴിക ദൂരെക്കിടക്കുന്ന നൗകകളിലേയ്ക്കും വ്യോമയാനങ്ങളിലേയ്ക്കും സന്ദേശമയയ്ക്കുന്നതിനു പ്രയാസമില്ലാതായിത്തീർന്നിട്ടുണ്ട്. അതിനുള്ള യന്ത്രോപകരണങ്ങൾ സ്ഥാപിക്കാതെ ഒരു കപ്പലും ഇന്നു സമുദ്രസഞ്ചാരം ചെയ്യാറില്ല. അതിനാൽ ആകസ്മികമായി ഒരു യാനപാത്രത്തിനു ആപത്തു സംഭവിച്ചാൽ, അടുത്ത നിമിഷത്തിൽ മറ്റുള്ള കപ്പലുകൾക്കറിവുകൊടുക്കുക ക്ഷണസാദ്ധ്യമായിത്തീർന്നിരിക്കുന്നു. മാർക്കോണിയുടെ ബുദ്ധിശക്തി, തദനന്തരം അനവധി യാത്രക്കാരെയും അനേകം തരണികളേയും സർവ്വവും ഗ്രസിക്കുന്ന സമുദ്രത്തിന്റെ പെരും വയറിൽനിന്നു രക്ഷിച്ചിട്ടുണ്ട്.

വൈദ്യുതശക്തിയെക്കുറിച്ചുള്ള വിജ്ഞാനം ക്രമപ്രവൃദ്ധമായതോടുകൂടി കമ്പിയുടെ അപേക്ഷയില്ലാതെതന്നെ, വിദ്യുത്തരംഗങ്ങളിൽക്കൂടി, ശബ്ദവും സംഗീതവും ബഹുദൂരെ കേൾപ്പിക്കുക സുകരമായിത്തീർന്നിരിക്കുന്നു. പൗരാണികന്മാർ സ്വപ്നം കണ്ടിരുന്ന 'ആകാശവാണി' യഥാർത്ഥമായിപ്പരിണമിച്ചിരിക്കുന്നുവോ എന്നു സംശയം ജനിക്കത്തക്കവണ്ണം നാദതരംഗം 'സ്വീകരണകേന്ദ്ര'ത്തിൽ മുഴങ്ങുന്നതു കേൾക്കാം. അയ്യായിരം നാഴിക ദൂരെയുള്ള ലണ്ടനിലെ ആസ്ഥാനമണ്ഡപത്തിൽനിന്നു പ്രധാനമന്ത്രി ചെയ്യുന്ന പ്രസംഗം ഡൽഹിയിൽ ഇരുന്നാൽ അതേസ്വരത്തിലും ശബ്ദത്തിലും നമ്മെ ശ്രവിപ്പിക്കുന്ന ശാസ്ത്രവിജ്ഞാനത്തിന്റെ 'ഇന്ദ്രജാലം' എത്ര വിചിത്രം! ബോംബേ നഗരത്തിലെ ഉന്നതസൗധത്തിൽ ഇരുന്നു മധുരകണ്ഠയായ ഒരു ഗായിക ചെയ്യുന്ന ഗീതാലാപം അതേ മാധുര്യത്തോടുകൂടി കൊച്ചിയിലിരിക്കുന്ന ഒരു ഗാനലോലനു യന്ത്രസാന്നിദ്ധ്യം മാത്രമുണ്ടെങ്കിൽ നിത്യവും കേൾക്കാമെന്നു വരുന്നതു് അസാധാരണമായ ഒരു ഭാഗ്യമല്ലേ? അപാരമായ സാഗരത്തിന്റെ മദ്ധ്യത്തിൽ വർത്തിക്കുന്ന ഒരു സ്വരാജ്യസ്നേഹിക്കു ജന്മദേശത്തെ പ്രധാന ഭരണകർത്താവു ചെയ്യുന്ന പ്രസംഗം കേട്ടു സുഹൃത്തുക്കളുമൊരുമിച്ചിരുന്നു ഗുണദോഷനിരൂപണം ചെയ്യാം! അഹോ! ശാസ്ത്രാഭിവൃദ്ധിനിമിത്തം മനുഷ്യനുണ്ടായിട്ടുള്ള സുഖസൗകര്യങ്ങൾ!

# എച്ചിലായ മാമ്പഴം. *

(എം. ബാലാദേവി)

## I

മായ വെറുതെ ചിരിക്കുകമാത്രം ചെയ്യും—എന്റെ എല്ലാ ചോദ്യങ്ങൾക്കും ഈയൊരു മറുപടിമാത്രമാണ് കിട്ടാറുള്ളതു്. അവളുടെ ഈ ചിരിയിൽ, അവൾ എന്റെ മുമ്പിൽ വരുമ്പോഴെല്ലാം, എനിക്കു കിട്ടേണ്ട അർത്ഥത്തെ ഞാൻ തപ്പിനോക്കും. ഭ്രാന്തുപിടിച്ച പിച്ചക്കാരൻ കൂടി പകൽസ്സമയത്തു്—അതയാൾക്കു രാത്രിപോലെത്തന്നെയായിരിക്കുമല്ലോ—ഇങ്ങനെ വഴിതേടിത്തിരിയാറുണ്ടോ ആവോ!

ഞാൻ ഒരു ജീർണ്ണിച്ച കുടിലിലാണ് താമസിച്ചിരുന്നതു്; മുമ്പിലാകട്ടെ, അവളുടെ വിശാലമായ മട്ടുപ്പാവും ആ പ്രാസാദത്തിന്റെ ഉയർന്ന നിലയിലെ വ്രാന്തയിൽ ചെറുദ്വാരങ്ങളോടുകൂടിയ ഒരു തരം പരമ്പു ത്രാസിപ്പണിയുമുണ്ടായിരുന്നു. ചിലപ്പോഴെല്ലാം മായ അവളുടെ രണ്ടു കൈകൊണ്ടും ആ പരമ്പിന്റെ അലകുകൾ ഒടിച്ചുകൊണ്ടിരിക്കാറുണ്ടു്. പരമ്പുത്രാസിയുടെ ഒരു മൂല തുറന്നിരുന്നു. അതേ മൂലയിൽവെച്ചാണ്, അവളുടെ ധാരാളിത്തം കാരണം, ഞാനവളെ ഒരിക്കൽ കണ്ടതു്. അവൾ ഒരു ദിവസം വീണ്ടും അവിടെ വന്നുനിന്നു; ഞാൻ ഒരിക്കൽക്കൂടി കണ്ടു. എനിക്കവളെ മനസ്സിലായി; അവൾക്ക് എന്നെയും.

അതിനുശേഷം അവൾ ദിവസംതോറും കുറച്ചധികനേരത്തേക്കായി അവിടെ വന്നു നില്ക്കും. പലപ്പോഴും ഞാൻ വളരെ നേരം കാത്തിരിക്കും; പക്ഷെ ഒരിക്കലും എന്റെ കാത്തിരിക്കൽ വിഫലമാവുകയുണ്ടായിട്ടില്ല.

സ്വർഗ്ഗീയമായ അവളുടെ സ്വരൂപത്തെ ഞാൻ എത്ര തവണ കണ്ടുവോ, അത്രയും തവണ അതിലെനിക്കു പല പല ചെറിയ പുതുമകളെയും കണ്ടുപിടിക്കുവാൻ കഴിഞ്ഞു. വിശ്വമോഹനമായ അവളുടെ ആ ചിരി എനിക്കെന്റെ സ്വന്തം പേരിനെപ്പോലെ അത്ര സ്പഷ്ടമായി ഓർമ്മയുണ്ടു്. അഥവാ, എനിക്കെന്തോർമ്മയാണുള്ളതു്! എനിക്കറിഞ്ഞുകൂട, അവളുടെ ഒച്ച എത്രത്തോളം കരുണകോമളമായിരുന്നുവെന്നു്!

അവളുടെ ഒച്ച കേൾക്കുവാൻ ഞാൻ വളരെയധികം ഉൽക്കണ്ഠ പൂണ്ടു. പക്ഷെ ആ കരിങ്കല്ല്—അല്ല, അല്ല, സുവർണ്ണപ്രതിമ—

---

* ഹിന്ദിഭാഷയിലെ ഒരു സുപ്രസിദ്ധ കഥാകൃത്തായ രഘുനാഥപന്തജി എഴുതിയ ഒരു ചെറുകഥയുടെ വിവർത്തനം.

ഒരിക്കലും മിണ്ടിയതേയില്ല. ഞാൻ എത്രയെത്ര ഉപായങ്ങളെടുത്തിട്ടും, അവളുടെ ചുണ്ടുകളിൽനിന്നു പുഞ്ചിരി മാത്രമേ പുറപ്പെട്ടുള്ളു, ശബ്ദം പുറപ്പെട്ടില്ല. ഞാൻ ചിത്രം കണ്ടു, സംഗീതം കേട്ടില്ല; കണ്ണുകൾ കൃതാൎത്ഥങ്ങളായി, പക്ഷെ കർണ്ണങ്ങൾ അതൃപ്തങ്ങളായിത്തന്നെയിരുന്നു. ചിലപ്പോൾ എന്റെ ചെവി എന്നോടു മന്ത്രിക്കും: "താൻ ചെകിടനൊന്നുമല്ലല്ലോ?"

## II

എന്തായാലും വേണ്ടില്ല, ആളുകൾ പറയാറുണ്ട് — ജീവിതത്തിലെ ഏററവും പ്രിയപ്പെട്ട വസ്തു, ഏററവും മനോഹരമായ കാഴ്ച, നമ്മുടെ ഓൎമ്മയിൽ നല്ലവണ്ണം പററിപ്പിടിക്കുമെന്നു്. എനിക്കു് ആ ഭയങ്കരമായ സന്ധ്യ ഇന്നു കഴിഞ്ഞതുപോലെ നല്ലവണ്ണം ഓൎമ്മയുണ്ടു്.

ഗ്രീഷ്മകാലത്തിലെ ഒരു സന്ധ്യയായിരുന്നു അതു്. ഭൂമി മുഴുവൻ വെയിൽതട്ടി വരണ്ടിരിക്കുന്നു. ഞാൻ ഭക്ഷണം പാകം ചെയ്യുകയാണു്. പെട്ടെന്നു ഒരു സൂൎയ്യോദയമുണ്ടായി — പരമ്പുത്രാസിയുടെ അടുക്കൽ മായയെ കാണുമാറായി. അവൾ ഒരു മാമ്പഴം കടിച്ചു തിന്നുകയായിരുന്നു. മാമ്പഴത്തിന്നു മാധുൎയ്യമുണ്ടായിരിക്കാം; എന്നാൽ അതിലും ആയിരമിരട്ടി മാധുൎയ്യമുണ്ടായിരുന്നു മായയുടെ പുഞ്ചിരിക്കു്. ചുണ്ടുകളിൽ ഇത്തരം പുഞ്ചിരി വെച്ചിട്ടുകൂടി മായ എന്തിനാണീ മാമ്പഴം തിന്നുന്നതു്?

മായ മാങ്ങാത്തോരു കടിച്ചു കടിച്ചു് അതിന്റെ തൊലി ദൂരത്തേക്കു് എറിയുവാൻ തുടങ്ങി. അവളുടെ മാങ്ങാത്തോലിയുടെ വല്ല കഷണവും എന്റെ ഭക്ഷണസാധനത്തിൽ വന്നുവീണാൽ അതു അശുദ്ധമായേക്കുമെന്നു അവൾ സംശയിച്ചിട്ടുണ്ടാവാം; ഞാനാകട്ടെ വിചാരിച്ചതു്, അവളുടെ ഒരെച്ചിൽത്തൊലിയെങ്കിലും എന്റെ ഭക്ഷണസാധനത്തിൽ വീണാൽ അതു പരിശുദ്ധമായിത്തീൎന്നേനേ എന്നാണു്.

മായ മാങ്ങയണ്ടികടിച്ചു വലിച്ചു തുടങ്ങി. അതു അവളുടെ വായിൽനിന്നും വഴുതിവീണു. അതേ നിമിഷത്തിൽത്തന്നെ, ആ അണ്ടി എന്റെ ഭക്ഷണപദാൎത്ഥങ്ങളിൽ വന്നു വീണേക്കുമെന്നു മായയ്ക്കോൎമ്മ വന്നു. അവൾ അതു വീണ്ടും പിടിക്കുവാൻ മുമ്പോട്ടു കുനിഞ്ഞു. അണ്ടി കിഴ്പോട്ടു വീണു; അതോടൊപ്പം മായയും. മായയുടെ സൂക്ഷ്മക്കുറവുകാരണം അണ്ടിവീണു. ലോകത്തിന്റെ സൂക്ഷ്മക്കുറവുകാരണം മായയും. പ്രപഞ്ചമേ, നിന്റെ യാതൊരു കാൎയ്യത്തിന്നും മായ ഇതുവരെ ഉപയുക്തയായിട്ടില്ല, ഉവ്വോ? ആ അരിമൊട്ടു് എത്ര കുറച്ചുമാത്രമേ ഇതുവരെയായി വികസിച്ചു വന്നിട്ടുള്ളു, മൂഢ!

അണ്ടിയും മായയും കൂടി എൻെറ മുമ്പിൽ, കഠോരമായ ഭൂമിയിൽ, വന്നുവീണു. എൻെറ മേൽ ഇടിവെട്ടു ഇടിഞ്ഞു വീണു. ഞാൻ കണ്ടു — മായ മൂർഛിച്ചു പോയിരുന്നു. ഉത്തരക്ഷണത്തിൽത്തന്നെ അവളുടെ അച്ഛനമ്മമാർ അവിടേയ്ക്കു് ഓടിവന്നു. വീശിക്കൊടുത്തപ്പോൾ മായ കണ്ണുതുറന്നു. അവരവരുടെ പ്രാണൻ എല്ലാവൎക്കും തിരിച്ചുകിട്ടി. മായ ചുണ്ടുകൾ വിടുൎത്തി — എനിയ്ക്കു ജീവിതം വീണ്ടുകിട്ടി — ചുണ്ടുകൾക്കു വിറയലുണ്ടായിരുന്നു. മായ പറഞ്ഞു: "അണ്ടി എച്ചിലല്ലായിരുന്നു." അതിനുശേഷം അവൾ ചുണ്ടു കൂട്ടി. കണ്ണുകളടച്ചു. പിന്നീടു മായ ഒന്നും സംസാരിച്ചില്ല. അവളുടെ ആ ഒച്ച അവസാനത്തേതായിരുന്നു. മായ എന്നെന്നേയ്ക്കുമായി പിരിഞ്ഞുപോയി.

നാലുഭാഗത്തു നിന്നും ഇങ്ങിനെ പ്രതിധ്വനിയുണ്ടായി. "അണ്ടി എച്ചിലല്ലായിരുന്നു." ജഡചേതനങ്ങളായ എല്ലാ വസ്തുക്കളും എന്നോടു പറയുവാൻ തുടങ്ങി. "അണ്ടി എച്ചിലല്ല." ലോകമാസകലം ഒരേ സ്വരത്തിൽ വിളിച്ചു പറഞ്ഞു. "അണ്ടി എച്ചിലല്ല."

മായയെ പിന്നെ ഒരിടത്തും കാണുകയുണ്ടായില്ല. അനേകം ദിവസങ്ങൾ അവളെ തിരഞ്ഞു് ഭ്രാന്തന്മാരെപ്പോലെ അലഞ്ഞുനടന്നു. ഒരിടത്തും അവളുടെ യാതൊരു ലക്ഷണവും കണ്ടെത്തിയില്ല. ലോകത്തിൽ ഒരൊററ ആകൎഷക വസ്തുവെങ്കിലും എനിയ്ക്കില്ല എന്നായപ്പോൾ, ഞാൻ സൎവ്വമുപേക്ഷിച്ചു് ഏകാന്തമായ അരണ്യത്തിൽ താമസം തുടങ്ങി. മായയുടെ ആ എച്ചിലായ അണ്ടിയൊഴികെ മററു യാതൊന്നും എനിയ്ക്കു കൂട്ടുകാരനായുണ്ടായില്ല. ഞാൻ മായയെ കിട്ടുവാൻ പ്രയത്നിച്ചുനോക്കി, പക്ഷെ കിട്ടിയില്ല. മനശ്ശാന്തിയ്ക്കായി ഓടിനടന്നു, അതും കിട്ടിയില്ല.

## III

ഒരുദിവസം ആകാശത്തിൽനിന്നു കുറെ കറുത്ത കാർമേഘങ്ങൾ ഭയങ്കരമാംവണ്ണം വൃഷ്ടി ചൊരിയുകയായിരുന്നു. ഞാൻ എൻെറ എല്ലാ അഭിലാഷങ്ങളേയും ത്യജിച്ചു് ആ അണ്ടി ഭൂമിയിൽ കുഴിച്ചിട്ടു. കുറച്ചു നാളുകൾക്കുശേഷം മുള പൊന്തിവന്നു. ഞാൻ വളരെ പണിപ്പെട്ടു് ആ മുളയെ രക്ഷിച്ചുപോന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ ചെറിയ തയ്യ് ഒരു വലിയ വൃക്ഷമായി രൂപാന്തരപ്പെട്ടു.

പെട്ടന്നൊ, ഒരു വസന്തവേളയിൽ, അതു പൂക്കുന്നതു കണ്ടു. ആ സമയത്തു, മായ അവളുടെ ആ പുഞ്ചിരിയോടുകൂടി അവിടെ എത്തിയിട്ടുള്ളതായിട്ടാണു് ഞാൻ കണ്ടതു്. കുയിലുകൾ അവിടെ വിശ്രമിച്ചു

കൊണ്ടു കൂകിത്തുടങ്ങി. ഒരുവേള അതു് അവളുടെ ഒച്ചയായിരിക്കാം. ഓരോ പൂങ്കുലയിൽനിന്നും മാങ്ങയുണ്ടായിത്തുടങ്ങി. മാങ്ങ എച്ചിലല്ലെന്നു മായ വീണ്ടും പറയുന്നുണ്ടെന്നു് എനിക്കു തോന്നി.

ആ മരത്തിൻെറ ചുവട്ടിലാണു് ഇപ്പോഠം എൻെറ കുടിൽ. മരത്തിൻെറ മുകളിൽ പക്ഷികഠംക്കു കൂടുകെട്ടാനും വിശ്രമിക്കാനും ഞാൻ അനുമതി നൽകിയിട്ടുണ്ടു്. താഴെ, തണലത്തു്, കുറച്ചുനേരം വിശ്രമിക്കുവാൻ എല്ലാ വഴിയാത്രക്കാരോടും ഞാൻ ആവശ്യപ്പെടാറുണ്ടു്. മാങ്ങയുണ്ടാവുന്ന കാലത്തു്, എല്ലാ കൊല്ലവും, ഞാൻ ഓരോ വഴിപോക്കനും ഓരോ മാങ്ങ സമ്മാനിക്കാറുണ്ടു്. അവർ മാമ്പഴം തിന്നുമ്പോഠം ഞാൻ വിചാരിക്കും, "മാമ്പഴം എച്ചിലല്ല."

കൊല്ലത്തിലൊരു തവണ, ആ പൂത്ത മാവിൻകൊമ്പുകളുടെ ഇടയിൽനിന്നു ചെരിഞ്ഞു നോക്കിക്കൊണ്ടു, മായ എനിക്കു ദശ്നം തരും. ഞാൻ വിളിക്കും, "മായേ!"

അവഠം ലജ്ജിച്ചു് ഇലപ്പടപ്പിൻെറ മൂടുപടത്തിനുള്ളിലേക്കു് ഒളിഞ്ഞുപോകും. ഞാൻ പിന്നെയും പറയും, "മായേ, ഈ ലജ്ജയൊക്കെ എന്തിനാണു് ?"

അവഠം പറയും, "ഇപ്പോഠം എൻെറ വിവാഹം കഴിഞ്ഞിരിക്കുന്നു."